**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**2012 ജൂൺ 26, ചൊവ്വ**

**നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.**

**(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)**

## അടിയന്തരപ്രമേയം

**സ്വകാര്യ സ്വാശ്രയ മെഡിക്കൽ മാനേജുമെന്റുകളുമായുള്ള കരാർ**

**മി. സ്പീക്കർ : തലവരിപ്പണം പിരിക്കുന്നതിന് പതിനഞ്ച് ശതമാനം സീറ്റിൽ റാങ്ക് പരിഗണിക്കാതെ പ്രവേശനം നടത്താൻ മാനേജ്മെന്റുകളെ അനുവദിച്ചുകൊണ്ടും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി പ്ലസ്ടു മാർക്കുകൂടി ചേർത്ത് പ്രവേശനം നടത്താൻ ഇന്റർചർച്ച് കൗൺസിലിന്റെ കോളേജുകൾക്ക് അനുവാദം നൽകിയും 50 ശതമാനം മെറിറ്റ് സീറ്റിൽ കുറഞ്ഞ ഫീസ് നിരക്കിൽ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരം നിഷേധിച്ചും സ്വകാര്യ സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ ധാരണ കളിലും കരാറുകളിലും ഏർപ്പെട്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി**

പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം.എ. ബേബി, വി.എസ്. സുനിൽകുമാർ, ജോസ് തെറ്റയിൽ, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : കേരളത്തിലെ ഒരു സ്വകാര്യ മാനേജ്മെന്റിനേയും തലവരിപ്പണം പിരിക്കാൻ അനുവദിച്ചിട്ടില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ആറ് സ്വകാര്യ കോളേജുകൾ 15 ശതമാനം കമ്മ്യൂണിറ്റി ക്വാട്ട വേണ്ടെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിലാണ് മാനേജ്മെന്റിന്റെ 50 ശതമാനത്തിൽനിന്ന് 15 ശതമാനം പ്രിവിലേജ് സീറ്റ് നൽകിയിട്ടുളളത്. പാവപ്പെട്ട വിദ്യാർത്ഥികളിൽനിന്ന് ക്രിസ്ത്യൻ മാനേജ്മെന്റുകൾ കൂടുതൽ ഫീസ് ഈടാക്കുന്നില്ല. അവരുടെ ഫീസ് ക്രിസ്ത്യൻ മാനേജ്മെന്റ് വഹിക്കുന്നതിനു പുറമേയുളളതും എസ്.സി./എസ്.ടി. വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ഫീസും ഗവൺമെന്റാണ് വഹിക്കുന്നത്. ഇന്റർചർച്ച് കൗൺസിലിന്റെ 6 കോളേജുകൾക്ക് 100 സീറ്റ് വീതമാണുളളത്. ഗവൺമെന്റ് സീറ്റായ 50 ശതമാനത്തിൽ 35 ശതമാനം സീറ്റ് എൻട്രൻസ് കമ്മിഷണറുടെ ലിസ്റ്റിൽനിന്നാണ് എടുക്കുന്നത്. 15 ശതമാനം കോളേജ് നടത്തുന്ന കമ്മ്യൂണിറ്റിക്കുളളതാണ്. അതും എൻട്രൻസ് കമ്മീഷണറുടെ ലിസ്റ്റിൽനിന്നാണ് എടുക്കുന്നത്. ക്രിസ്ത്യൻ മാനേജ്മെന്റുകളുടെ ബാക്കിയുളള 50 ശതമാനം സീറ്റിൽ 15 സീറ്റ് എൻ.ആർ.ഐ.-ക്കും 35 ശതമാനം സീറ്റ് മാനേജ്മെന്റിനുമാണ്. അതിലേയ്ക്ക് എൻട്രൻസ്

കമ്മീഷണറുടെ ലിസ്റ്റിൽനിന്നുള്ള മാർക്കും പ്ലസ്ടു എക്സാമിനേഷന്റെ മാർക്കും ചേർത്ത് തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽനിന്നാണ് പ്രവേശനം നൽകുന്നത്. ഇത് മുഹമ്മദ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതാണ്. എല്ലാ കുട്ടികൾക്കും മൂന്നേമുക്കാൽ ലക്ഷം രൂപയാണ് ഫീസ് തീരുമാനിച്ചിട്ടുള്ളത്. സ്വകാര്യ മെഡിക്കൽ കോളേജായ കാരക്കോണം ക്രിസ്ത്യൻ മെഡിക്കൽ കോളേജ് ക്രിസ്ത്യൻ മാനേജ്മെന്റുമായിട്ടുള്ള എഗ്രിമെന്റിൽ ചേർന്നിട്ടുണ്ട്. സർക്കാരുമായി ചർച്ചയ്ക്ക് തയ്യാറാകാത്ത മെഡിക്കൽ കോളേജുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. പുതിയ എഗ്രിമെന്റിലൂടെ സ്വാശ്രയ മെഡിക്കൽ കോളേജുകൾ തുടങ്ങിയ കാലഘട്ടത്തിലെ സങ്കൽപ്പത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. അടിയന്തരപ്രമേയ നോട്ടീസിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ തികച്ചും അടിസ്ഥാനരഹിതമാണ്.

ശ്രീ. എം.എ. ബേബി : മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഇപ്പോൾ നിലനിൽക്കുന്ന സ്ഥിതിവിശേഷം അത്യന്തം ഗുരുതരമാണ്. യു.ഡി.എഫ്. സർക്കാർ മെഡിക്കൽ മാനേജ്മെന്റുകളുമായി ഒപ്പിട്ടിട്ടുള്ള കരാർപ്രകാരം മൂന്നേമുക്കാൽ ലക്ഷം രൂപ ഫീസ് അനുവദിച്ചുകൊടുത്തിരിക്കുകയാണ്. 2006-ലെ ഇടതുപക്ഷ ഗവൺമെന്റുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകൾ 12,500 രൂപ ഫീസ് നിരക്കിൽ 50 ശതമാനം വിദ്യാർത്ഥികളെ പഠിപ്പിക്കാൻ തയ്യാറായതിലൂടെ 2006 മുതൽ 2011 വരെ അത് തുടരാൻ കഴിഞ്ഞു. മൂന്ന് കോളേജുകൾ സർക്കാരുമായി കരാർ ഒപ്പിട്ടിട്ടില്ല. കാരക്കോണം മെഡിക്കൽ കോളേജിന് ക്രിസ്ത്യൻ മെഡിക്കൽ മാനേജുമെന്റിന്റെ അതേ തത്വപ്രകാരം മൂന്നേമുക്കാൽ ലക്ഷം രൂപ മെറിറ്റുള്ള പാവപ്പെട്ട കുട്ടികളിൽനിന്നും പിരിക്കാൻ സർക്കാർ അനുവാദം

നൽകിയതിൽ ന്യായീകരണമില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മുഹമ്മദ് കമ്മിറ്റി നിശ്ചയിച്ച രണ്ടര ലക്ഷം രൂപയാണ് എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സർക്കാർ നൽകിയതെങ്കിൽ ഇപ്പോൾ സ്വാശ്രയ മാനേജുമെന്റുകളെ പ്രീണിപ്പിക്കാനായി ഈ സർക്കാർ ഒപ്പിട്ട കരാർ പ്രകാരം മൂന്നേമുക്കാൽ ലക്ഷം രൂപയായി ഉയർത്തിയിരിക്കുകയാണ്. എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വിനിയോഗിക്കേണ്ട പണമാണ് ഈ രീതിയിൽ നൽകുന്നത്. ഇപ്പോൾ ഒപ്പിട്ട കരാർ പ്രകാരമുള്ള പ്രിവിലേജ് സീറ്റ് സുപ്രീംകോടതി വിധിയുടെ നഗ്നമായ ലംഘനമാണ്. മെഡിക്കൽ-എഞ്ചിനീയറിംഗ് പ്രവേശന നടപടികളെ സംബന്ധിച്ച തത്വങ്ങൾ ലംഘിച്ചുകൊണ്ട് സർക്കാർ കരാർ ഒപ്പിട്ടത് ഭാവിയിൽ മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രൊഫഷണൽ ഗുണനിലവാരത്തെ സാരമായി ബാധിക്കും. ഈ സർക്കാർ എഞ്ചിനീയറിംഗ് മേഖലയിൽ പുതുക്കി നിശ്ചയിച്ച ഫീസ് പ്രകാരം 22 കോടിയിലധികം രൂപയാണ് സ്വാശ്രയ മാനേജുമെന്റുകൾക്ക് ലഭിക്കുന്നത്. കഴിഞ്ഞ വർഷം ഒപ്പിട്ട കരാർ പ്രകാരം സംവരണതത്വം അട്ടിമറിക്കപ്പെടുകയും മെറിറ്റിൽ പ്രവേശനം കിട്ടേണ്ടവർക്ക് അത് നിഷേധിക്കപ്പെടുകയുമാണ് ചെയ്യുന്നത്. ഗൗരവതരമായ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി കരാറിൽ ഏർപ്പെടാതെ മുഴുവൻ സീറ്റിലും ഇഷ്ടമുള്ള മാനദണ്ഡങ്ങളനുസരിച്ച് അഡ്മിഷൻ നടത്താൻ അനുവദിച്ചിരുന്ന സാഹചര്യത്തിന് മാറ്റംവരുത്തി ഈ ഗവൺമെന്റ്

അവരുമായി കരാറിലേർപ്പെടുകയും ഫീസ്ഘടന തീരുമാനിക്കുകയും പാവപ്പെട്ട കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. സ്വാശ്രയമേഖല സ്തംഭിപ്പിച്ച് പ്രശ്നം സങ്കീർണ്ണ മാക്കിയിരുന്ന അവസ്ഥയ്ക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിഞ്ഞു. ഗവൺമെന്റുമായി എഗ്രിമെന്റിൽ ഒപ്പുവയ്ക്കാൻ തയ്യാറാകാത്ത രണ്ട് കോളേജുകളുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്. സ്വകാര്യകോളേജ് മാനേജ്മെന്റുകൾക്ക് എടുക്കാമായിരുന്ന പതിനഞ്ച് ശതമാനം സീറ്റുകൂടി വിട്ടുതന്നുകൊണ്ട് അൻപത് ശതമാനം സീറ്റിലും ഗവൺമെന്റ് മെറിറ്റിൽ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യമൊരുക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പാസ്സാക്കിയ സ്വാശ്രയ നിയമമനുസരിച്ചാണ് സ്വാശ്രയ കോളേജ് പ്രവേശ നത്തിൽ പ്രിവിലേജ് സീറ്റുകൾ എന്ന ആശയം ഉടലെടുത്തത്. കഴിഞ്ഞ ഗവൺമെന്റുമായി കരാറൊപ്പുവച്ച സ്വാശ്രയ മെഡിക്കൽ കോളേജുകളു മായി ഈ ഗവണ്മെന്റ് ഒന്നര മാസം മുമ്പ് കരാറൊപ്പുവയ്ക്കുകയും മൈനോറിറ്റി കമ്മ്യൂണിറ്റി ക്വാട്ട 20 ശതമാനത്തിൽ നിന്നും 15 ശതമാനമായി കുറയ്ക്കുകയും മെജോറിറ്റി കമ്മ്യൂണിറ്റിയിലെ നാല് കോളേജുകൾക്ക് മെജോറിറ്റി കമ്മ്യൂണിറ്റി ക്വാട്ട അനുവദിച്ചുകൊടുക്കുകയുമാണ് ചെയ്തിട്ടു ള്ളത്. കരാറിൽ ഒപ്പുവച്ചപ്പോൾ ഒരു പരാതിയുമില്ലാതിരുന്ന മാനേ ജ്മെന്റുകൾ പരീക്ഷയിൽ സുതാര്യത ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെട്ട പ്പോൾ എഗ്രിമെന്റിൽ നിന്നും പിൻമാറുകയും വീണ്ടും അവരുമായി ചർച്ച ചെയ്ത് ഇങ്ങനെയൊരു തീരുമാനമെടുക്കുകയുമാണുണ്ടായത്. കഴിഞ്ഞ ഗവൺമെന്റ് ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി കരാറൊപ്പിട്ടതനുസരിച്ചുള്ള

ഫീസിനേക്കാൾ ഇപ്പോഴുള്ള ഫീസ് കുറവാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വാശ്രയ കോളേജുകളിലെ കുട്ടികൾക്ക് ഗവൺമെന്റ് ഫീസിൽ പഠിക്കാൻ സാധിച്ചിരുന്നില്ല. സാമൂഹ്യനീതി ഉറപ്പുവരുത്തിക്കൊണ്ട് വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ബി.പി.എൽ. കുടുംബത്തിൽപ്പെട്ട മുഴുവൻ കുട്ടികൾക്കും ഈ വർഷം മുതൽ അഞ്ച് ക്രിസ്ത്യൻ മാനേജ്മെന്റ് കോളേജുകളിലും ഗവൺമെന്റ് ഫീസിൽ പഠിക്കാനുള്ള സംവിധാനം ലഭിക്കുന്നതാണ്. ക്രിസ്ത്യൻ മാനേജ്മെന്റുകൾ 40 ലക്ഷം രൂപവീതം സ്കോളർഷിപ്പ് ഫണ്ടിലേയ്ക്ക് നൽകുന്നതിൽനിന്ന് ബി.പി.എൽ. കുടുംബത്തിൽപ്പെട്ട കുട്ടികൾക്ക് ഗവൺമെന്റ് ഫീസിൽ പഠിക്കാനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്തതിനുശേഷം ബാക്കി വരുന്ന തുക എങ്ങനെ വിനിയോഗിക്ക ണമെന്നത് സംബന്ധിച്ച് തീരുമാനമെടുക്കാൻ ഹെൽത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എയ്ഡഡ് പ്രൊഫഷണൽ കോളേജുകളിൽ മാനേജ്മെന്റ് ക്വാട്ടയിൽ 15% സീറ്റ് ഒരു തർക്കവുമില്ലാതെ കൊടുക്കുന്ന സ്ഥിതിവിശേഷമാണ് ഇപ്പോൾ നിലനിൽക്കുന്നത്. കഴിഞ്ഞ അഞ്ചു കൊല്ലമായി സ്വാശ്രയ കോളേജുകളിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കി ഉന്നതവിദ്യാഭ്യാസരംഗത്ത് സമഗ്രമായ പുരോഗതി കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, സി.കെ. നാണു, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്ത് പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) കുടംബശ്രീ മിഷൻ

ഡോ. ടി.എം. തോമസ് ഐസക്ക്: ഭരണപരവും ധനപരവും നയപരവുമായ പ്രശ്നങ്ങളാൽ വളരെ മോശമായ നിലയിലാണ് കുടുംബശ്രീ മിഷന്റെ പ്രവർത്തനം നടക്കുന്നത്. ജില്ലാതലത്തിലും സംസ്ഥാനതലത്തിലുമുള്ള കുടുംബശ്രീ മിഷനിൽ നിന്ന് പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെ മുഴുവൻ മാറ്റിയിരിക്കുകയാണ്. പകരം ആളെ നിയമിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. മൈക്രോ എന്റർപ്രൈസ് കൺസൾട്ടേഷൻ ഗ്രൂപ്പ്, ആഡിറ്റേഴ്സ്, അക്രഡിറ്റേഷൻ ഏജൻസീസ് എന്നിവയെ ഈ രംഗത്തുനിന്ന് ഒഴിവാക്കുന്നത് ശരിയല്ല. ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക കുടുംബശ്രീയുടെ അനിവാര്യചെലവുകൾക്ക് അപര്യാപ്തമാണ്. ഭവനശ്രീ വായ്പ എഴുതിത്തള്ളിയെങ്കിലും സഹകരണ ബാങ്കുകൾക്ക് പണം കൊടുക്കാത്തതിനാൽ ബാങ്കുകൾ ആധാരം തിരിച്ചുനൽകുന്നില്ല. കുടുംബശ്രീ നാലു ശതമാനം പലിശയ്ക്ക് വായ്പ നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കിയിരുന്നുവെങ്കിലും കഴിഞ്ഞവർഷം ബാങ്കുകൾക്ക് പലിശ നൽകാത്തതിനാൽ പദ്ധതി ഇപ്പോൾ പ്രവർത്തനക്ഷമമല്ല. സർക്കാരിന്റെ ധനസ്ഥിതി മോശമായതിനാൽ അനിവാര്യമായ കാര്യങ്ങൾക്ക് പണം നീക്കിവയ്ക്കാൻ കഴിയുന്നില്ല. സർക്കാർ ഉദ്യോഗസ്ഥരുടെ പരിശീലനം അതിവി

പുലമായ പരിശീലകരും റിസോഴ്സസ്സുമുള്ള കുടുംബശ്രീ മിഷനിൽ നിന്നും മാറ്റി ജനശ്രീയെ ഏൽപ്പിക്കുന്നത് ന്യായീകരിക്കാനാവില്ല. കുടുംബ ശ്രീയെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഉപജീവനത്തിനും സ്ത്രീ ശാക്തീകരണത്തിനും ഏറ്റവും വലിയ മാതൃകയായി മാറിയ കുടുംബശ്രീ പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. 2012-13 സാമ്പത്തിക വർഷത്തിലേയ്ക്ക് കുടുംബശ്രീ ക്കുവേണ്ടി 84.17 കോടി രൂപയാണ് സർക്കാർ മാറ്റിവച്ചിട്ടുള്ളത്. കൂടാതെ ഭവനശ്രീയുടെ വായ്പകൾ തിരിച്ചടയ്ക്കുന്നതിനായി 25 കോടി രൂപയും എം.കെ.എസ്.പി.-ക്ക് കേന്ദ്ര സർക്കാരിൽനിന്നും കിട്ടുന്ന സഹായത്തിന് തുല്യമായി 27.90 കോടി രൂപയും കൊടുക്കാൻ സംസ്ഥാന സർക്കാർ തീരു മാനിച്ചിട്ടുണ്ട്. ഭവനശ്രീയുടെ ബാക്കിവരുന്ന പണം കൊടുക്കുന്നതിന് 1.39 കോടി രൂപയുടെ അധികച്ചെലവ് ആവശ്യമാണെന്ന് സബ്ജക്ട് കമ്മിറ്റിയും ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ കുടുംബശ്രീക്ക് സാമ്പ ത്തിക പ്രതിസന്ധി നേരിടേണ്ടി വരികയില്ല. പ്ലാൻ ഇനത്തിൽ മാറ്റിവച്ച 84 കോടി രൂപയിൽ 15 കോടി രൂപ ഫസ്റ്റ് ഇൻസ്റ്റാൾമെന്റായി റിലീസ് ചെയ്യാൻ ഉത്തരവായിട്ടുണ്ട്. ഡി.എം.സി, എ.ഡി.എം.സി.-യിൽ നിന്നും പരിചയ സമ്പ ന്നരായ ആളുകളെ മാറ്റി പകരം ആളുകളെ നിയമിക്കുന്നുവെന്ന് പറയുന്നത് യാഥാർത്ഥ്യമല്ല. വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്നവരെ കാലാകാലം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാൻ സാധ്യമല്ലാത്തതുകൊണ്ട് ഡി.എം.സി, എ.ഡി.എം.സി.-യിൽ പരിചയസമ്പന്നരായ കുറച്ച് ആളുകളെ

നിലനിറുത്തിയിട്ട് പുതുതായി കുറച്ചുപേരെ നിയമിക്കാനും പുന:ക്രമീക രണം നടത്താനും തീരുമാനിച്ചിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തനം മെച്ചപ്പെടു ത്തുന്നതിനായി ഡി.എം.സി, എ.ഡി.എം.സി.-കൾക്ക് പ്രത്യേക പരിശീലനം നൽകി വർക്ക്ഷോപ്പുകളും നടത്തിവരുന്നുണ്ട്. ട്രഷറിയിൽ പണം നിക്ഷേ പിച്ചിട്ടുള്ളതിൽ 18 കോടി രൂപ തെറ്റായി ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 2003-04 മുതൽ 2008-09 വരെയുള്ള പലിശകൾ നിത്യനിദാന ചെലവുകൾക്ക് ഉപ യോഗിച്ചത് എ.ജി.-യുടെ ഒബ്ജക്ഷൻ വന്നതിനാൽ തിരിച്ചടച്ചിട്ടുണ്ട്. കുടം ബശ്രീയുടെ ദൈനംദിന ചെലവുകൾക്ക് പ്ലാൻ ഫണ്ടിൽനിന്നും ആവശ്യ മായ പണം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഭവനശ്രീ വായ്പയ്ക്ക് സഹക രണ ബാങ്കിൽ നിന്നെടുത്തിട്ടുള്ളതുസംബന്ധിച്ച് തർക്കങ്ങളുള്ളതിനാൽ സഹകരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് ശാശ്വത പരിഹാരമുണ്ടാ ക്കുന്നതാണ്. ജനശ്രീയെ എൻ.ജി.ഒ. എന്നനിലയിൽ പരിപോഷിപ്പി ക്കുന്നതാണ്. ഇത്തരം പ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തെ രാഷ്ട്രീയ വൽക്കരിക്കാൻ പാടില്ല. എൻ.ആർ.എൽ.എം.-ന്റെ പ്രോജക്ടിൽ കുടുംബ ശ്രീയെ ഉപയോഗപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇന്ററസ്റ്റ് സബ്സിഡിയെ സംബന്ധിച്ച് ഗവേണിംഗ് ബോഡി ചർച്ച ചെയ്യുന്നതാണ്. കാർഷിക മേഖല യിൽ സീറോ ഇന്ററസ്റ്റിൽ ലോൺ കൊടുക്കുക എന്നതാണ് ഗവണ്മെന്റിന്റെ ലക്ഷ്യം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കുടുംബശ്രീക്ക് പരമാവധി സപ്പോർട്ട് കൊടുക്കുന്ന സമീപനമാണ് ഗവണ്മെന്റ് സ്വീകരിക്കുന്നത്. 'ആശ്രയ' സ്കീം കുടുംബശ്രീയിൽകൂടിത്തന്നെ നടപ്പിലാക്കുന്നതാണ്. കുടുംബശ്രീയുടെ വിജയം കണ്ട് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് അതിന്

സമാനമായ സംവിധാനം ഉണ്ടാക്കാനായി മുന്നോട്ടുവന്നിട്ടുള്ള സംഘടന കളെ നിരുൽസാഹപ്പെടുത്തുന്ന സമീപനം ഗവണ്മെന്റിനില്ല.

(2) മെഡിക്കൽ കോളേജ് ആശുപത്രികളിൽ അത്യാഹിത വിഭാഗത്തിന്റെ സേവനം മെച്ചപ്പെടുത്തൽ

ശ്രീ. കെ. ശിവദാസൻ നായർ: മെഡിക്കൽ കോളേജ് ആശുപത്രി കളിലെ അത്യാഹിത വിഭാഗം ആധുനികവൽക്കരിച്ച് സേവനം മെച്ചപ്പെടു ത്താൻ നടപടിയുണ്ടാകണം. സമയത്ത് ചികിത്സ നൽകിയാൽ പല മരണവും ഒഴിവാക്കാൻ കഴിയും. ഫുള്ളി എക്യുപ്ഡായതും സെൻട്രൽ റെസ്പോണ്ടിംഗ് സിസ്റ്റമുള്ളതും ഡോക്ടർ ഉൾപ്പെടെ പരിശീനം സിദ്ധിച്ച സ്റ്റാഫ് ഉള്ളതുമായ ആംബുലൻസ് സർവ്വീസും റിമോട്ട് ഏരിയയിൽ നിന്നും രോഗികളെ കൊണ്ടുവരുന്നതിനായി ഹെലികോപ്ടർ ലിഫ്റ്റിംഗ് ഫെസിലിറ്റിയും ഉണ്ടാകണം. അത്യാഹിത വിഭാഗത്തിൽ ഐ.സി.യൂ. ഫെസിലിറ്റിയും ഓപ്പറേഷൻ തീയേറ്ററും ഉണ്ടാകണം. നിസ്സാര പരിക്കുക ളോടെ വരുന്ന കേസുകൾ കൈകാര്യം ചെയ്യാൻ പ്രത്യേക മുറി തന്നെ സജ്ജമാക്കേണ്ടതാണ്. സീനിയർ ഡോക്ടർ ഉൾപ്പെടെയുള്ളവർ എപ്പോഴും അവിടെ ഉണ്ടായിരിക്കണം. ഒരു സെപ്പറേറ്റ് എമർജൻസി സർവ്വീസ് ഡിപ്പാർട്ടുമെന്റ് രൂപീകരിക്കണം. ആധുനിക സംവിധാനത്തോടുകൂടിയുള്ള ആംബുലൻസ് സർവ്വീസ് സംസ്ഥാനത്തുടനീളം ലഭ്യമാക്കണം. കാഷ്വാലിറ്റി സംവിധാനം ശക്തിപ്പെടുത്തുന്നതിന് ഏരിയവൈസ് റിക്വയർമെന്റ്സ് പരി ശോധിക്കുന്നതിന് ഒരു എക്സ്പേർട്ട് കമ്മിറ്റിയെ നിയോഗിച്ച് ആ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : മെഡിക്കൽ കോളേജ് ആശുപത്രികളുടെ കാഷ്വാ

ലിറ്റിയിൽ എത്തുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അതാത് യൂണിറ്റുകളുടെ ഡോക്ടർമാരുടെയും, മറ്റ് ജീവനക്കാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. കാഷ്വാലിറ്റിയുടെ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അത്യാഹിത വിഭാഗത്തിലെത്തുന്ന രോഗികളെ വിദഗ്ധഡോക്ടർ പരിശോധിച്ചശേഷം ബന്ധപ്പെട്ട വിഭാഗത്തിലേയ്ക്ക് അയയ്ക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനത്തോടനുബന്ധിച്ച് ഐ.സി.യു.-വും ട്രാൻസിറ്റ് വാർഡുകളും തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് 70 കോടി രൂപ ചെലവിൽ എമർജൻസി & ക്രിട്ടിക്കൽ കെയർ ഡിപ്പാർട്ടുമെന്റ് തുടങ്ങുന്ന തിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി എമർജൻസി മെഡിസിൻ – എം. ഡി. എന്ന പോസ്റ്റ്ഗ്രാജുവേറ്റ് കോഴ്സ് കോഴിക്കോട് മെഡിക്കൽ കോളേ ജിൽ ഈ അദ്ധ്യയന വർഷം ആരംഭിച്ചിട്ടുണ്ട്. ഇത് എല്ലാ മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ അതാത് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ആധുനിക സൗകര്യങ്ങളുള്ള എ.എൽ.എസ് (Advanced Life Support) ആംബുലൻസുകളുടെ സേവനം എൻ.ആർ.എച്ച്.എം. വഴി നൽകിവരുന്നുണ്ട്. ഇപ്പോൾ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ലഭ്യ മായ 108 ആംബുലൻസ് സർവ്വീസുകളുടെ സേവനം മറ്റ് ജില്ലകളിലും ലഭ്യ മാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. ഈ സംവിധാനങ്ങൾ മെച്ച പ്പെടുത്തുന്നതുസംബന്ധിച്ച് പഠിക്കുന്നതിലേയ്ക്ക് ഒരു വിദഗ്ദ്ധസമിതിയെ

ചുമതലപ്പെടുത്തുന്നതും റിപ്പോർട്ട് ലഭിച്ചാലുടൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## സബ്മിഷൻ

### (1) വർദ്ധിച്ചുവരുന്ന അക്രമസംഭവങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : വർക്കലയിൽ 19 വയസ്സുള്ള ലിജി എന്ന പെൺകുട്ടിയെ ബൈക്കിടിച്ച് കൊലപ്പെടുത്തിയ സംഭവത്തിലും കൊല്ലം ജില്ലയിലെ കടമ്പനാടിൽ മകളെ ശല്യപ്പെടുത്തിയതിനെ ചോദ്യംചെയ്ത അമ്മയെ കൊലപ്പെടുത്തിയ സംഭവത്തിലും പാരിപ്പള്ളിയിൽ നൈറ്റ് പട്രോളിംഗിനിടയിലുണ്ടായ അക്രമസംഭവത്തിൽ ഒരു പോലീസുകാരൻ കുത്തേറ്റ് മരിക്കുകയും എ.എസ്.ഐ.-ക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത സംഭവത്തിലും ഉഴമലക്കലിലെ സനൽ കുമാറിന്റെ വീട് അക്രമികൾ പൂർണ്ണമായും തകർത്ത സംഭവത്തിലും പ്രതികളെ അറസ്റ്റ് ചെയ്യാത്തതിനെക്കുറിച്ച് വ്യക്തമാക്കണം.

ശ്രീ. വർക്കല കഹാർ: വർക്കലയിലെ മുണ്ടയിൽ 19 വയസ്സുള്ള പെൺകുട്ടിയെ അക്രമി ബൈക്കിൽ പിൻതുടർന്ന് തട്ടിയിട്ട് മുറിവേൽപ്പിച്ചതിനെത്തുടർന്ന് മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വർക്കലയിലെ മുണ്ടയിലുള്ള ലിജി എന്ന പെൺകുട്ടി കൊല്ലപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട് പോലീസ് കേസെടുത്ത് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ലിജിയുടെ ആശ്രിതർക്ക് സഹായം നൽകുന്നത് സംബന്ധിച്ച് നാളത്തെ ക്യാബിനെറ്റിൽ തീരുമാനം എടുക്കുന്നതാണ്. പാരിപ്പള്ളിയിൽ നൈറ്റ് പട്രോളിംഗിൽ

ഏർപ്പെട്ടിരുന്ന പോലീസുകാർ ഒരു വാഹനം പരിശോധിക്കാൻ ശ്രമിക്കുന്ന തിനിടയിൽ അതിലുണ്ടായിരുന്നവർ കടന്നാക്രമിച്ച് ഒരു പോലീസുകാരൻ മരിക്കുകയും എ.എസ്.ഐ.-ക്ക് പരിക്കുപറ്റുകയും ചെയ്ത സംഭവത്തിൽ ഉൾപ്പെട്ട കാർ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. അന്വേഷണം തുടരുകയാണ്. സനൽ കുമാറിന്റെ വീട് ആക്രമിച്ചത് സംബന്ധിച്ച് പോലീസ് കേസെടുത്ത് അന്വേഷിച്ചുവരുന്നു. കടമ്പനാട് ഉണ്ടായ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് വിവരം അറിയിക്കുന്നതാണ്.

(2) ആർ.സി.സി., എം.സി.സി. ജീവനക്കാർക്ക് പെൻഷൻ പദ്ധതി

ശ്രീമതി കെ.കെ. ലതിക : സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്ത പുരം ആർ.സി.സി.-യിലേയും തലശ്ശേരി മലബാർ ക്യാൻസർ സെന്ററി ലേയും ജീവനക്കാർക്ക് പെൻഷൻ ഉൾപ്പെടെയുള്ള സർവ്വീസ് ആനുകൂല്യ ങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ആർ.സി.സി.-യിലേയും എം.സി.സി.-യിലേയും ജീവനക്കാർക്ക് വ്യവസ്ഥകൾക്കുവിധേയമായി പെൻഷൻപദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ആർ.സി.സി. ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യവകുപ്പ് പരി ശോധിച്ചുവരുന്നു. എന്നാൽ മലബാർ ക്യാൻസർ സെന്റർ പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് തുടർനട പടി സ്വീകരിക്കുന്നതാണ്.

(3) കോമൺവെൽത്ത് ഫാക്ടറി ഏറ്റെടുക്കൽ

ശ്രീ. എ. പ്രദീപ് കുമാർ : കോഴിക്കോട് കോമൺവെൽത്ത് ഫാക്ടറി സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) : കോമൺവെൽത്ത് ഫാക്ടറി ഏറ്റെടുക്കുന്നത് സംബന്ധിച്ച ബില്ലിന് ധനകാര്യവകുപ്പിന്റെ അംഗീകാരം ലഭിച്ചതിനാൽ ഈ സമ്മേളനത്തിൽതന്നെ പാസ്സാക്കാൻ ഉദ്ദേശിക്കുകയാണ്.

(4) പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ പുനരധിവാസം

ശ്രീ. റ്റി.യു. കുരുവിള : കോതമംഗലം നിയോജക മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ കാട്ടുമൃഗങ്ങളുടെ ശല്യംമൂലം വനത്തിനുള്ളിലെ വാര്യാർ കുടിയിൽനിന്നും താമസംമാറ്റേണ്ടിവന്ന പട്ടികവർഗ്ഗക്കാർക്ക് താമസ യോഗ്യമായ ഭൂമിയും കുടിൽകെട്ടാനുള്ള ധനസഹായവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ) : മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിലെ ഇടമലയാർ റെയ്ഞ്ചിൽപ്പെട്ട പ്രസ്തുത ട്രൈബൽസെറ്റിൽമെന്റ് കോളനിയിൽ ഏഴ് ക്ലസ്റ്ററുകളിലായി കഴിയുന്ന പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട 144 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കണമെന്ന ആവശ്യത്തിൻമേൽ കണ്ടെത്തിയ സ്ഥലം ഈറ്റക്കാടുകൾ നിറഞ്ഞതായതിനാൽ പകരം മറ്റൊരുസ്ഥലം കണ്ടെത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. 26.06.2012-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

(5) മിനിമം വേതനം

ശ്രീമതി ജമീലാ പ്രകാശം: വെള്ളായണി കാർഷിക കോളേജിലെ ഫാമിൽ പണിയെടുക്കുന്ന സ്ത്രീത്തൊഴിലാളികളുടെ മിനിമംവേതനം കാലോചിതമായി പരിഷ്ക്കരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ. പി. മോഹനൻ): ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഫാം തൊഴിലാളികളുടെ മിനിമംവേതനം പുതുക്കി നിശ്ചയിച്ചുകഴിഞ്ഞു. വെള്ളായണി കാർഷിക കോളേജിനോടനുബന്ധിച്ചുള്ള എല്ലാ ഫാമുകളിലും ജോലി ചെയ്യുന്ന എല്ലാവിഭാഗം തൊഴിലാളികൾക്കും മിനിമം വേതനം ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാല ഉടൻ സ്വീകരിക്കുന്നതാണ്.

(6) പാസഞ്ചർ ട്രെയിനിൽ പുതിയ കോച്ചുകൾ

ശ്രീ. ആർ. സെൽവരാജ്: യാത്രാക്ലേശം പരിഹരിക്കാൻ നാഗർകോവിൽ-തിരുവനന്തപുരം, തിരുവനന്തപുരം-നാഗർകോവിൽ പാസഞ്ചർ ട്രെയിനുകളിൽ പുതുതായി രണ്ട് ജനറൽ കോച്ചുകളും ഒരു വനിതാ കോച്ചും അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): നാഗർകോവിൽ സെക്ടറിൽ ഓടുന്ന 4 ജോഡി പാസഞ്ചർ ട്രെയിനുകളിലെ ഒരു ജോഡി ട്രെയിനിൽ 15 കോച്ചുകളും 3 ജോഡി ട്രെയിനുകളിൽ 12 കോച്ചുകളുമാണ് അനുവദിച്ചിട്ടുള്ളത്. എല്ലാ പാസഞ്ചർ ട്രെയിനുകളിലും പുതുതായി രണ്ട് കോച്ചുകൾവീതം വനിതകൾക്കായി മാറ്റിവച്ചിട്ടുണ്ട്. നാഗർകോവിൽ- തിരുവനന്തപുരം, തിരുവനന്തപുരം-നാഗർകോവിൽ

പാസ്സഞ്ചർ ട്രെയിനുകളിൽ അധികമായി രണ്ട് കോച്ചുകളും ഓരോ ലേഡീസ് കോച്ചും അനുവദിക്കണമെന്നുളള സർക്കാർ നിർദ്ദേശം തിരുവനന്തപുരം റെയിൽവേ ഡിവിഷൻ സതേൺ റെയിൽവേ ഡിവിഷനിലേയ്ക്ക് അയയ്ക്കുമെന്ന് അറിയിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇക്കാര്യം റെയിൽവേ ബോർഡിന്റെ ശ്രദ്ധയിലും കൊണ്ടുവരുന്നതാണ്.

(7) മോണോറെയിൽ പദ്ധതി

ശ്രീ. വർക്കല കഹാർ: മോണോറെയിൽ പദ്ധതിയെപ്പറ്റിയുളള നാറ്റ്പാക്-ന്റെ സാധ്യതാപഠന റിപ്പോർട്ട് ഡി.എം.ആർ.സി പരിശോധിച്ചതിനുശേഷം മാത്രമേ പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് ആലോചിക്കുകയുളളൂവെന്ന നിലപാട് ആശങ്കയുളവാക്കുന്നതാകയാൽ ഇക്കാര്യത്തിൽ ഇടപെട്ട് പദ്ധതി പ്രാവർത്തികമാക്കുന്നതോടൊപ്പം നിർദ്ദിഷ്ട പദ്ധതിയിൽ വർക്കല, നെടുമങ്ങാട് പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): നിർദ്ദിഷ്ട മോണോറെയിൽ പദ്ധതിയെ സംബന്ധിച്ച് ഡി.എം.ആർ.സി വിലയിരുത്തലുകളൊന്നും നടത്തിയിട്ടില്ല. പദ്ധതിയെപ്പറ്റി ഉയർന്നുവന്നിട്ടുളള ആശങ്കകൾ ദൂരീകരിച്ച് പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുന്നതാണ്. മൂന്നാമത്തെ സ്റ്റേജിൽ പദ്ധതി വർക്കലവരെ എക്സ്റ്റെന്റ് ചെയ്യുന്നതാണ്.

(8) ന്യൂനപക്ഷ കമ്മീഷനും ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനും

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളും പരിരക്ഷയും കാത്തുസൂക്ഷിക്കുന്നതിനും അവ ഉറപ്പുവരു

ത്തുന്നതിനുംവേണ്ടി സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷനും ന്യൂനപക്ഷ ധന കാര്യ കോർപ്പറേഷനും രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : 2009-ലെ ഉത്തരവനുസരിച്ച് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച കരട് ബിൽ സഭയിൽ അവതരിപ്പിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്. 2011-ലെ സർക്കാർ ഉത്തരവനുസരിച്ച് സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ രൂപീകരിച്ചു. പ്രസ്തുത കോർപ്പറേഷൻ രൂപീകരണം സംബന്ധിച്ച മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ എന്നിവ പരിശോധിച്ച് നിയമ, ധനകാര്യ വകുപ്പുകൾ നിർദ്ദേശിച്ച ഭേദഗതികളോടെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ പരിശോധനയ്ക്ക് അയച്ചിരിക്കുകയാണ്, ഇത് സംസ്ഥാന മന്ത്രിസഭയും അംഗീകരിക്കേണ്ടതുണ്ട്. ധനകാര്യ വകുപ്പിൽ നിന്നും പെയ്ഡ്-അപ് ക്യാപ്പിറ്റൽ റീലീസ് ചെയ്യുന്നമുറയ്ക്ക് കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുന്നതാണ്.

(9) പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ വീടുകളുടെ പുനർനിർമ്മാണം

ശ്രീ. കെ.കെ. നാരായണൻ : സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ കാലപ്പഴക്കംകൊണ്ട് തകർന്നതും വാസയോഗ്യമല്ലാത്തതുമായ വീടുകൾ പുതുക്കിപ്പണിയാനും അറ്റകുറ്റപ്പണികൾ നടത്താനും പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) : പട്ടികജാതി കോളനികളുടെ

കാലപ്പഴക്കംചെന്ന വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 10,000 രൂപ അനുവദിച്ചുനൽകുന്നുണ്ട്. കൂടാതെഅമ്പതിൽ കൂടുതൽ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന 416 കോളനികളുടെ സമഗ്രവികസനം ലക്ഷ്യമാക്കി വീടുകളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ, റോഡ് നിർമ്മാണം, കുടിവെളളം, വൈദ്യുതീകരണം ഡ്രെയിനേജ്, ബയോഗ്യാസ് പ്ലാന്റ്, വരുമാനദായക പദ്ധതികൾ തുടങ്ങിയവ ഉൾക്കൊളളിച്ച് "സ്വയംപര്യാപ്ത സങ്കേതങ്ങൾ" എന്ന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 12 വർഷത്തിനുമേൽ കാലപ്പഴക്കമുള ളതും വാസയോഗ്യമല്ലാത്തതുമായ വീടുകളിൽ താമസിച്ചുവരുന്ന ആദി വാസി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് അനുവദിക്കുന്നകാര്യം നിലവിലുളള വ്യവസ്ഥകൾക്ക് വിധേയമായി ഊരുകൂട്ട തീരുമാനപ്രകാരം മുൻഗണനാ ക്രമത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

(10) <u>ബൈപ്പാസ് നിർമ്മാണം</u>

<u>ശ്രീ. കെ. രാജു</u> : പുനലൂർ നിയോജകമണ്ഡലത്തിലെ അഞ്ചൽ ബൈപ്പാസ് സ്ഥലമെടുപ്പ് ഉൾപ്പെടെയുളള നടപടികൾ ത്വരിതപ്പെടുത്തി നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്</u>) : ആയൂർ-അഞ്ചൽ റോഡിലെ കുരിശുംമൂട് ജംഗ്ഷനെയും അഞ്ചൽ-പുനലൂർ റോഡിലെ സെന്റ് ജോർജ് സ്കൂൾ ജംഗ്ഷനെയും തമ്മിൽ ബന്ധിപ്പിച്ച് 2.16 കിലോമീറ്റർ ദൈർഘ്യത്തിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനുവേണ്ടി സ്റ്റിമുലസ് പാക്കേജിൽ ഉൾപ്പെടുത്തി ഭൂമി ഏറ്റെടുക്കുന്നതിനായി രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനു

ളള നഷ്ടപരിഹാരത്തുകയായ 157 ലക്ഷം രൂപ റവന്യൂ അധികാരികൾക്ക് കൈമാറിയിട്ടുണ്ട്. ബൈപ്പാസ് നിർമ്മാണ പ്രവൃത്തികൾക്കുളള ഭരണാനുമതിക്കായി 12.14 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറിൽനിന്നും വിശദമായ ഡി.പി.ആർ. ലഭിച്ചശേഷം ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുളള നടപടി സ്വീകരിക്കുന്നതാണ്.

(11) കടൽ ഭിത്തി നിർമ്മാണം

ശ്രീ. പി.ബി. അബ്ദുൾ റസാക് : മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മുസോഡി, നാങ്കി, കൊപ്പള, മണിമുണ്ട മുതലായ കടലാക്രമണ ഭീഷണി നേരിടുന്ന തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മാണത്തിനുളള ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ മുസോഡി, നാങ്കി, കൊപ്പള എന്നിവിടങ്ങളിലായി 300 മീറ്റർ നീളംവരുന്ന കടൽഭിത്തി നിർമ്മാണ പ്രവൃത്തി 13-ാം ധനകാര്യകമ്മീഷനിലുൾപ്പെടുത്തി നടപ്പാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചു. ടെണ്ടറിലെ അധിക നിരക്കും മണിമുണ്ട കടപ്പുറത്ത് 5 പുലിമുട്ട് നിർമ്മാണത്തിനായുളള 11 കോടി രൂപയുടെ എസ്റ്റിമേറ്റും ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. ഷിറിയ കടപ്പുറത്ത് 300 മീറ്റർ നീളത്തിൽ 128 ലക്ഷം രൂപ ചെലവിൽ നിലവിലുളള കടൽഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മുസോഡി കടപ്പുറത്ത് 300 മീറ്റർ നീളത്തിൽ 140 ലക്ഷം രൂപ ചെലവിൽ കടൽഭിത്തി നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരികയാണ്. ഭരണാനുമതി ലഭിച്ചാലുടൻ

പ്രവൃത്തി നടപ്പാക്കാവുന്നതാണ്. ഇക്കാര്യങ്ങൾ സംബന്ധിച്ച് കോഴിക്കോട് ഇറിഗേഷൻ നോർത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മേശപ്പുറത്ത് വച്ച കടലാസ്സുകൾ

കാര്യവിവരപട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

റിപ്പോർട്ട് സമർപ്പണം

(1) സബ്ജക്ട് കമ്മിറ്റി IV-ന്റെ 2012 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഏഴു മുതൽ പതിനേഴുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

ക്രമപ്രശ്നം

(1) ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. സി.പി. മുഹമ്മദ്: ധനാഭ്യർത്ഥന ചർച്ചകളുടെ ഭാഗമായുള്ള ഖണ്ഡനോപക്ഷേപങ്ങൾ പ്രതിപക്ഷത്തിനുള്ള അവകാശമാണെങ്കിലും സഭയ്ക്കോ ജനങ്ങൾക്കോ ഉപകാരമില്ലാത്തതിനാൽ പ്രതിപക്ഷത്തിന്റെ സഹകരണത്തോടുകൂടി ഒരു പാർട്ടിക്ക് ഒരു ഖണ്ഡനോപക്ഷേമെന്ന നിലയിൽ ചുരുക്കി സഭയുടെ സമയം ലാഭിക്കണം.

റൂളിംഗ്

നിയമസഭാ ചട്ടം 145 പ്രകാരം ധനാഭ്യർത്ഥനയുടെ തുക കുറവുചെയ്യുവാൻ മൂന്ന് തരത്തിലുള്ള ഖണ്ഡനോപക്ഷേപം അവതരിപ്പിക്കാമെന്ന നിബന്ധനയുണ്ട്. ധനാഭ്യർത്ഥന ചർച്ചയിൽ ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്ന അംഗത്തിന് സഭയിൽ അതുസംബന്ധിച്ച് പ്രസംഗിക്കുന്നതി

നുണ്ടായിരുന്ന അവസരം പാർട്ടി അടിസ്ഥാനത്തിൽ ആക്കിയപ്പോൾ ഖണ്ഡ നോപക്ഷേപം അവതരിപ്പിക്കുന്നതിന് നോട്ടീസ് നൽകിയ അംഗത്തിന് അത് അവതരിപ്പിക്കുന്നതിനുള്ള അവസരം മാത്രം നൽകുന്ന നടപടി ആരംഭിച്ചു. ധനാഭ്യർത്ഥനകൾക്ക് ഖണ്ഡനോപക്ഷേപം നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത ഡിമാന്റിനോട് വിയോജിപ്പില്ലായെന്നും അത് ചർച്ച കൂടാതെ പാസ്സാക്കാമെന്നുമാണ്. ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുകയെന്നത് ഭരണഘടനാപരമായി അംഗങ്ങൾക്ക് ലഭിച്ചിട്ടുള്ള ഒരവകാശമാണ്. ഖണ്ഡനോപക്ഷേപത്തിൽ പരാമർശിക്കുന്ന കാര്യം സഭയിൽ ചർച്ച ചെയ്യുന്നില്ലെങ്കിലും നയനിരാകരണ ഖണ്ഡനോപക്ഷേപത്തിനും ചെലവ് ചുരുക്കൽ ഖണ്ഡനോപക്ഷേപത്തിനും മറുപടി പറയുന്ന വേളയിൽ മന്ത്രിമാർ വിശദീകരണം നൽകുന്ന പതിവ് ഉണ്ടായിരുന്നൂവെന്നകാര്യം ചെയർ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നത് സഭയുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തുന്ന ഒന്നാണെന്ന അംഗത്തിന്റെ പരാമർശം ശരിയല്ല.

(2) <u>നിയമസഭാ സമ്മേളനം നടക്കുന്ന സന്ദർഭത്തിൽ എം.എൽ.എ.-മാർ പങ്കെടുക്കേണ്ട ചടങ്ങ് സംഘടിപ്പിക്കുന്നത് സംബന്ധിച്ച്</u>

<u>മി. സ്പീക്കർ:</u> നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരുന്നതിനാൽ ജൂൺ 19-ാം തീയതി ഉച്ചയ്ക്ക് 2.00 മണിക്ക് കമലേശ്വരം സ്കൂളിൽ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. അദ്ധ്യക്ഷത വഹിക്കേണ്ട സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ പങ്കെടുക്കുവാനുള്ള അവസരം നിഷേധിക്കപ്പെട്ടുവെന്ന് ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ പരാതി നൽകിയിട്ടുണ്ട്.

റൂളിംഗ്

നിയമസഭാ സമ്മേളനം നടക്കുന്ന ദിവസങ്ങളിൽ സഭാംഗങ്ങൾ അംഗങ്ങളായ കമ്മിറ്റികളും അവർ പങ്കെടുക്കേണ്ട കോൺഫറൻസുകളും സംഘടിപ്പിക്കരുതെന്ന് മുൻഗാമികളായ സ്പീക്കർമാർ റൂളിംഗുകൾ നൽകുകയും അതനുസരിച്ച് 1991 സെപ്തംബർ 17-ാം തീയതി ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. പലപ്പോഴും അംഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ലെന്ന പരാതി വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അന്നുതന്നെ മുഖ്യമന്ത്രി അടിയന്തര നടപടി സ്വീകരിക്കുകയും വ്യക്തമായ സർക്കുലർ അംഗങ്ങൾക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ജൂൺ 19-ാം തീയതി സഭാ സമ്മേളനം നടക്കുന്ന സമയത്ത് ബഹു. അംഗം അദ്ധ്യക്ഷത വഹിക്കേണ്ട ഒരു ചടങ്ങ് സർക്കാർതലത്തിൽ സംഘടിപ്പിച്ചത് തികച്ചും അനുചിതമാണ്. നിയോജകമണ്ഡലങ്ങളിൽ ലോക്കൽ സെൽഫ് ഗവൺമെന്റ് ഉൾപ്പെടെ യുള്ള സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ചടങ്ങുകളിൽ അദ്ധ്യക്ഷസ്ഥാനം വഹിക്കേണ്ടത് നിയമസഭാ സാമാജികരാ ണെന്നിരിക്കെ, നിയമസഭാ സമ്മേളനം നടക്കുന്ന സമയത്ത് ഇത്തര ത്തിലുള്ള ഒരു ചടങ്ങ് 19-ാം തീയതി ചേരുവാനുണ്ടായ സാഹചര്യം അന്വേഷിക്കണമെന്നും ഭാവിയിൽ ഇത്തരം ചടങ്ങുകൾ നിയമസഭാ സമ്മേളനം നടക്കുന്ന ദിവസങ്ങളിൽ ഒരു കാരണവശാലും സംഘടിപ്പിക്ക രുതെന്നും ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകണമെന്നും സഭ

സമ്മേളിക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർകൂടി ഇത്തരം ചടങ്ങുകളിൽ സംബന്ധിക്കാൻ പാടില്ലായെന്നും ചെയർ റൂൾ ചെയ്യുന്നു.

ധനകാര്യം

2012-13 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVII – വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം (7043,87,22,000 രൂപ.)

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(സർവ്വശ്രീ. സി. ദിവാകരൻ, മുല്ലക്കര രത്നാകരൻ, വി.എസ്. സുനിൽ കുമാർ, ഇ. ചന്ദ്രശേഖരൻ, കെ. രാജു, കെ. അജിത്, ഇ.കെ. വിജയൻ, വി. ശശി, എ.കെ. ബാലൻ, കോടിയേരി ബാലകൃഷ്ണൻ, എളമരം കരീം, പി.കെ. ഗുരുദാസൻ, കെ. രാധാകൃഷ്ണൻ, ആർ. രാജേഷ്, പി.ശ്രീരാമകൃഷ്ണൻ, എ.എം. ആരിഫ്, ബാബു എം. പാലിശ്ശേരി,

കെ. ദാസൻ, ബി. ഡി. ദേവസ്സി, എം. ഹംസ, ജെയിംസ് മാത്യു, കെ.കെ. ജയചന്ദ്രൻ, സി. കൃഷ്ണൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), കെ.കെ. നാരായണൻ, പുരുഷൻ കടലുണ്ടി, വി. ശിവൻകുട്ടി, കെ.വി. വിജയദാസ്, സാജു പോൾ, രാജു എബ്രഹാം, പി.റ്റി.എ. റഹീം, ഡോ. ടി.എം. തോമസ് ഐസക്, ഡോ. കെ.ടി. ജലീൽ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാർ ഗീതാ ഗോപി, കെ.കെ. ലതിക, കെ.എസ്. സലീഖ എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.)

സഭ സമ്മേളിക്കുന്ന സമയം നീണ്ടുപോകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ദിവസവും സഭ പിരിയുന്ന സമയം നീണ്ടുപോകുന്നത് സംബന്ധിച്ച് മന്ത്രിമാരുൾപ്പെടെ പല അംഗങ്ങളും ചെയറിന് എഴുതി ത്തന്നിട്ടുണ്ട്. ചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾ നിശ്ചിത സമയത്തിനകം പ്രസംഗം പൂർത്തിയാക്കാൻ സഹകരിച്ചാൽ അപ്രകാരം ചെയ്യാവുന്നതേ യുള്ളൂ.

ശ്രീ. വി.ഡി. സതീശൻ: മൂന്ന് മണിക്കെങ്കിലും സഭ പിരിയാനുള്ള സാഹചര്യമുണ്ടാകണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സഭാനടപടികൾ കൃത്യസമയത്ത് പിരിയുന്നത് സംബന്ധിച്ച് എല്ലാപേരുമായി ആലോചിച്ച് ഉചിതമായ തീരു മാനമെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സഭ പിരിയാൻ വൈകുന്നത് എല്ലാവർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തുന്നത് നന്നായിരിക്കും.

<u>മി. സ്പീക്കർ:</u> അടിയന്തര പ്രമേയാവതരണം മുതൽ സമയനിഷ്ഠ പാലിച്ച് അംഗങ്ങൾ സംസാരിക്കുകയാണെങ്കിൽ സഭ നേരത്തെ പിരിയാൻ സാധിക്കും.

ധനകാര്യം (തുടർച്ച)

<u>ഡോ. കെ.ടി. ജലീൽ:</u> ധനാഭ്യർത്ഥനയെ എതിർക്കുന്നു. സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസമേഖല ഇന്ന് കടുത്ത പ്രതിസന്ധിയിലാണ്. സർക്കാർ സ്ക്കൂളുകളിൽ പലതും അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സാഹചര്യത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 184 പുതിയ സി.ബി.എസ്.ഇ. സ്ക്കൂളുകൾക്ക് അംഗീകാരം നൽകിയ നടപടി പ്രതിഷേധാർഹമാണ്. അദ്ധ്യാപക പാക്കേജ് നടപ്പിലാക്കി അവർക്ക് തൊഴിൽപരിരക്ഷ ഉറപ്പുവരുത്തുമെന്ന പ്രഖ്യാപനം നടത്തിയിട്ട് അനിയന്ത്രിതമായി അൺഎയ്ഡഡ്-സി.ബി.എസ്.ഇ. സ്ക്കൂളുകൾ അനുവദിക്കുന്നത് വിരോധാഭാസമാണ്. വിദ്യാഭ്യാസ അവകാശ നിയമം കേരളത്തിൽ നടപ്പിലാക്കുമ്പോൾ പകുതിയിലധികം പൊതുവിദ്യാലയങ്ങളും അൺ-ഇക്കണോമിക്കായി പ്രഖ്യാപിക്കപ്പെടുന്ന സ്ഥിതിയുണ്ടാകും. കച്ചവടവൽക്കരിക്കപ്പെടുന്ന വിദ്യാഭ്യാസം സംസ്ഥാനത്തിന്റെയും രാജ്യത്തിന്റേയും തീരാശാപമായി മാറിക്കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കി മാറ്റാനുള്ളശ്രമം ഉപേക്ഷിക്കുകയും ഭാവിയിൽ വരുന്ന നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്താൻ തയ്യാറാകുകയും വേണം.

<u>ശ്രീ. ഹൈബി ഈഡൻ</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. അധ്യാപക പാക്കേജ് നടപ്പാക്കി ഈ മേഖലയിൽ ജോലിസ്ഥിരത ഉറപ്പുവരുത്താനും സ്റ്റുഡന്റ്സ്-ടീച്ചർ റേഷ്യോ മെയിന്റെയിൻ ചെയ്യാനും

അധ്യയനവർഷത്തിന്റെ ആരംഭത്തിൽത്തന്നെ കുട്ടികൾക്ക് പാഠപുസ്തകങ്ങൾ എത്തിച്ചുകൊടുക്കാനും സാധിച്ചത് വിദ്യാഭ്യാസ വകുപ്പിന്റെ നേട്ടമാണ്. ഐ.ടി. അധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാധാന്യം കൊടുക്കാനും യു.പി. വിഭാഗത്തിലെ കുട്ടികൾക്ക് ലാപ്ടോപ്പുകൾ അനുവദിക്കാനും പെൺകുട്ടികൾക്കായി ആയിരത്തോളം ടോയ്‌ലറ്റുകൾ നിർമ്മിക്കാനും കഴിഞ്ഞു എന്നത് ശ്രദ്ധേയമാണ്. 550-ഓളം പ്ലസ്ടു ബാച്ചുകൾ അനുവദിച്ചതും 178 ഹയർ സെക്കൻഡറി സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാനുള്ള തീരുമാനവും സ്വാഗതാർഹമാണ്. മല യാളം സർവ്വകലാശാലയ്ക്ക് തുടക്കംകുറിക്കാനും പാലക്കാട് ഐ.ഐ.ടി., കോട്ടയത്ത് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ആന്റ് ടെക്നോ ളജി, പെരിന്തൽമണ്ണയിൽ അലിഗഡ് സർവ്വകലാശാല ക്യാമ്പസ്, അട്ടപ്പാടിയിൽ ആർട്സ് ആന്റ് സയൻസ് കോളേജ്, സ്വാശ്രയ രംഗത്ത് 21 എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവ തുടങ്ങാൻ കഴിഞ്ഞത് ഉന്നതവിദ്യാ ഭ്യാസരംഗത്ത് കൂടുതൽ അവസരങ്ങളൊരുക്കുന്നതാണ്. വിദ്യാഭ്യാസ കരി ക്കുലം കാലോചിതമായി പരിഷ്ക്കരിക്കണം. ഉന്നതവിദ്യാഭ്യാസ രംഗത്ത് കൂടുതൽ എയ്ഡഡ് കോഴ്സുകൾ അനുവദിക്കണം. ഗവേഷണരംഗത്ത് ക്രിയാത്മക പ്രവർത്തനങ്ങൾ ഉണ്ടാകണം. കുട്ടികൾക്ക് പോഷകാഹാരം നൽകാനുള്ള സമിതികൾ ഉണ്ടാകണം. കൃഷി വിദ്യാഭ്യാസ കരിക്കുലത്തിൽ ഉൾപ്പെടുത്തണം. കുസാറ്റ് യൂണിവേഴ്സിറ്റിയെ കേന്ദ്രപദ വിയിലേക്ക് ഉയർത്താനുള്ള പ്രൊപ്പോസൽ പ്രാവർത്തികമാക്കണം. ഇന്റേണൽ അസസ്സ്മെന്റ് സംബന്ധിച്ച അവ്യക്തതമാറ്റാൻ ഒരു അപ്പലേറ്റ്

അതോറിറ്റിയെ നിയമിക്കണം. വൊക്കേഷണൽ ഹയർ സെക്കന്ററി വിഷയ ങ്ങളിൽ കാലോചിതമായ പരിഷ്ക്കാരം വരുത്തണം.

ശ്രീ. കെ. അജിത്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്കും സി.ബി.എസ്.ഇ.. സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ഒരുപോലെ തുടർവിദ്യാഭ്യാ സം ചെയ്യാനുള്ള സാഹചര്യമുണ്ടാക്കണം. വിദേശ സർവ്വകലാശാലകളെ നിയന്ത്രിക്കാനും പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാനും കഴിയണം. ഉന്നതവിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ഇന്ന് നിലനിൽക്കുന്ന അവ്യക്തത ദുരീകരിക്കാൻ നടപടിയുണ്ടാകണം. ഗവൺമെന്റ് മെഡിക്കൽകോളേ ജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സർക്കാർ ആശുപത്രികളിൽ ഹൗസ് സർജൻസിക്ക് മുൻഗണന നൽകണം. വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്ത നങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. അബ്ദുസമദ് സമദാനി: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ വകുപ്പിൽ ഗുണകരമായ മാറ്റങ്ങൾ വരുത്താൻ ഈ സർക്കാ രിന് കഴിഞ്ഞിട്ടുണ്ട്. അദ്ധ്യാപക പാക്കേജ് നടപ്പാക്കാനും മലയാള ഭാഷ യ്ക്ക് പ്രാധാന്യം നൽകാനും സാധിച്ചത് അഭിനന്ദനാർഹമാണ്. പാഠപുസ്ത കങ്ങൾ യഥാസമയം വിതരണം നടത്താനും വിദ്യാഭ്യാസമേഖലയിൽ ഐ. ടി.-ക്ക് പ്രോത്സാഹനം നൽകാനും സ്റ്റുഡന്റ്സ് പോലീസ്, സ്നേഹസ്പർശം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വെല്ലുവിളികളെ മുൻകൂട്ടിക്കണ്ട് കേരളത്തിന്റെ സംസ്കാരിക പൈതൃകം നിലനിറുത്താനും അക്രമാന്തരീക്ഷം തടയാനും സാമുദായിക രാഷ്ട്രീയ വിഭാഗീയതകൾക്കതീതമായി പ്രവർത്തിക്കാനും രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകർ തയ്യാറാകണം.

ശ്രീ. സി.കെ. നാണു: ധനാഭ്യർത്ഥനയെ എതിർക്കുന്നു. മലബാർ പ്രദേശത്ത് എസ്.എസ്.എൽ.സി. പാസ്സാകുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഹയർ സെക്കൻഡറിക്ക് പ്രവേശനം ലഭ്യമാകാത്തതിനെ സംബന്ധിച്ച് പഠനം നടത്തണം. സി.ബി.എസ്.ഇ. സിലബസ്സിൽ 10-ാം ക്ലാസ് പാസ്സാകുന്ന കുട്ടികൾക്ക് ഹയർ സെക്കൻഡറിക്ക് പ്രവേശനം നൽകുന്നതിനനുസൃത മായി സീറ്റുകൾ വർദ്ധിപ്പിക്കണം. സർക്കാർ എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കണം. വടകരയിലെ അഴിയൂർ പഞ്ചായ ത്തിൽ ഐ.എച്ച്.ആർ.ഡി.-ക്ക് ഒരു കോളേജ് അനുവദിക്കണം. രാഷ്ട്രീയ കൊലപാതകങ്ങളെ പക്ഷപാതപരമായി കാണാൻ പാടില്ല.

ഡോ. എൻ. ജയരാജ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ ഏകോപിപ്പിക്കാനും സാംസ്കാരിക നയം രൂപീകരിക്കാനും പഠന ഗവേഷണ പദ്ധതികൾ ഉൾപ്പെടുത്തി ഒരു സാംസ്കാരിക സർവ്വകലാശാലയ്ക്ക് രൂപംനൽകാനും തയ്യാറാകണം. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ മലയാളം വകുപ്പ് ആരംഭിക്കാനും തിരുവിതാംകൂറിലെ പാരമ്പര്യകലകളെക്കുറിച്ച് പഠിക്കു ന്നതിന് അവസരമൊരുക്കാനും നടപടി സ്വീകരിക്കണം. ഫോക്‌ലോർ അക്കാഡമിയുടെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഫോക്‌ലോർ കലാകാ രന്മാർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനും സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടു ത്തുന്നതിനും ഗവണ്മെന്റ് മുൻകൈയെടുക്കണം. പൈതൃക സംരക്ഷണത്തി നാവശ്യമായ തുക അനുവദിച്ച ഗവണ്മെന്റിനെ അഭിനന്ദിക്കുകയാണ്. മലയാ ളത്തിന് ക്ലാസിക് പദവി നഷ്ടപ്പെട്ടത് ഖേദകരമാണ്. മലയാള ഭാഷയിലെ അക്ഷരങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ആർ. രാജേഷ്: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വിദ്യാഭ്യാസ മേഖലയെ സ്വകാര്യവൽക്കരിക്കുന്ന ഗവണ്മെന്റിന്റെ നിലപാട് ഖേദകരമാണ്. സി.ബി.എസ്.ഇ. സ്കൂളുകളെ പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് കൊണ്ടുവരാനുള്ള നടപടി ഒരു ഗവണ്മന്റിന് ഭൂഷണമല്ല. പൊതുവിദ്യാലയ ങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞത് കണ്ടില്ലെന്ന് നടിക്കരുത്. ഭീമ മായ ഫീസ് വർദ്ധന വിദ്യാർത്ഥികളുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത് ഖേദകരമാണ്. എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് 1000/- രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും യൂണിഫോം വിതരണം യഥാസമയം നടത്തുന്നതിനും നടപടി സ്വീകരിക്കണം. സർക്കാർ എയ്ഡഡ് കോളേജു കളിലെ ഫീസ് വർദ്ധിപ്പിക്കാനുള്ള തീരുമാനം പിൻവലിക്കുകയും പത്താം ക്ലാസ്സ് പാസ്സായ എല്ലാ കുട്ടികൾക്കും പ്ലസ് വണ്ണിന് അഡ്മിഷൻ കിട്ടുമെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസുവരെ സി.ബി.എസ്.ഇ. സിലബസ്സിൽ പഠിച്ച് ഹയർസെക്കന്ററിക്ക് ഗവൺമെന്റ് സ്കൂളുകളിൽ പഠിക്കുകയും അതുകഴിഞ്ഞ് സെൽഫ് ഫൈനാൻസിംഗ് കോളേജുകളിലേയ്ക്ക് പോകുകയും ചെയ്യുന്ന പ്രവണത നിരുൽസാഹപ്പെ ടുത്തണം. വിദ്യാർത്ഥികളെ നീന്തൽ പരിശീലിപ്പിക്കുന്നതിന് പഞ്ചായത്തു കൾക്ക് സ്പോർട്സ് കൗൺസിലിന്റെ അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. വി. ടി. ബൽറാം : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കുത്തഴിഞ്ഞുകിടന്ന വിദ്യാഭ്യാസ വകുപ്പിനെ ഒരു വർഷംകൊണ്ട് മാതൃകാ പരമായി മുന്നോട്ട് നയിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അദ്ധ്യാപക പാക്കേജ്, വി.എച്ച്.എസ്.ഇ.-യിൽ പ്രിൻസിപ്പൽ തസ്തിക അനുവദിക്കൽ, ഹെഡ്മാസ്റ്റർമാരെ അദ്ധ്യാപനത്തിൽ നിന്ന് ഒഴിവാക്കി ഭരണപരമായ

കാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ അവസരം നൽകൽ തുടങ്ങി നിരവധി പ്രവർത്തനങ്ങൾ യു.ഡി.എഫ്. സർക്കാരിന് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എട്ട് ജില്ലകളിൽ 550-ലേറെ പ്ലസ്ടു ബാച്ചുകൾ അനുവദിച്ചതുവഴി 33,000 കുട്ടികൾക്ക് പ്ലസ്ടുവിന് പഠിക്കാൻ അവസരമൊരുക്കിയത് അഭിനന്ദ നാർഹമാണ്. സ്വയംതൊഴിൽ സംരംഭങ്ങളിലൂടെ തൊഴിൽ നൽകാൻ കഴിയത്തക്കവിധത്തിലുള്ള കോഴ്സുകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്ത ണം. ദേശീയ നിലവാരത്തിലുള്ള റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകൾ സംസ്ഥാനത്ത് ആരംഭിക്കാൻ നടപടി സ്വീകരിക്കണം. വിദ്യാഭ്യാസത്തിലൂടെ മലബാർ മേഖലയെ മുന്നോട്ടുകൊണ്ടുവരാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ ശ്ലാഘനീയ മാണ്. മലബാറിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കണം. എയ്ഡഡ് സ്കൂളുകളെ ലാഭകരമല്ലാത്ത അവസ്ഥയിലേക്കെത്തിച്ച് മറിച്ചുവിൽക്കാനുള്ള ശ്രമങ്ങൾക്ക് തടയിടാനും അവയെ സർക്കാർ സ്കൂളുകളാക്കി മാറ്റാനും നടപടി സ്വീകരിക്കണം. എയ്ഡഡ് സ്കൂളുകളി ലേയും കോളേജുകളിലേയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണം. കല യേയും സംസ്ക്കാരത്തേയും പ്രോത്സാഹിപ്പിക്കുന്നതിനും ഭാരതപ്പുഴയുടെ തീരത്ത് വള്ളുവനാട്ടിൽ ഒരു സാംസ്കാരിക മ്യൂസിയം സ്ഥാപിക്കുന്നതിനും തൃത്താലയിലെ ആനക്കര കേന്ദ്രീകരിച്ച് ഒരു കലാഗ്രാമം ആരംഭിക്കുന്നതി നും നടപടി സ്വീകരിക്കണം.

ശ്രീ. ജെയിംസ് മാത്യു: ധനാഭ്യർത്ഥനയെ എതിർക്കുന്നു. എഞ്ചിനീയറിംഗ് പ്രവേശനത്തിന് ദേശീയ പൊതുപരീക്ഷ നടത്തുന്നതിനു വേണ്ടിയുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനത്തോട് സംസ്ഥാന ഗവൺമെന്റും വിദ്യാഭ്യാസ വകുപ്പും നിഷേധാത്മക നിലപാടാണ് സ്വീകരി ച്ചു കൊണ്ടിരിക്കുന്നത്. പൊതുവിദ്യാഭ്യാസത്തെ തകർക്കുക എന്ന സമീപ

നമാണ് ഈ ഗവൺമെന്റിനുള്ളത്. കേരളത്തിലെ സർക്കാർ സ്കൂളുകളിലേയും എയ്ഡഡ് സ്കൂളുകളിലേയും കുട്ടികളുടെ പ്രവേശനത്തിൽ ഗണ്യമായ കുറവുണ്ടാകുകയും അൺഎയ്ഡഡ് സ്ക്കൂളുകളിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്ന പ്രവണത പരിശോധിക്കപ്പെടണം. ഗ്രേഡ് പോയിന്റ് ആവറേജ് കണക്കാക്കി പ്ലസ് വണ്ണിന് അഡ്മിഷൻ നൽകുന്നതുകൊണ്ടാണ് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. പാസ്സായ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കുന്നതും എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാതിരിക്കുന്നതുമെന്നുള്ള ന്യായീകരണം ലജ്ജാകരമാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ അപേക്ഷിച്ച് ഈ അദ്ധ്യയന വർഷം സമയബന്ധിതമായി പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജ് നടപ്പാക്കിയതും വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യാൻ തീരുമാനിച്ചതും സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തതും പ്ലസ്ടു സീറ്റ് വർദ്ധിപ്പിച്ചതും പെൺകുട്ടികൾക്കായി ആയിരത്തിലധികം ടോയ്‌ലറ്റുകൾ നിർമ്മിച്ചതും സ്വാഗതാർഹമാണ്. അട്ടപ്പാടിയിൽ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് തുടങ്ങാൻ തീരുമാനിച്ചതും പാലക്കാട് ജില്ലയിൽ ഐ.എ.എസ്. അക്കാഡമിയും ഫോക്‌ലോർ അക്കാഡമിയും അനുവദിച്ചതും അഭിനന്ദനമർഹിക്കുന്നു. വിദ്യാർത്ഥികളിൽ പ്രാക്ടിക്കൽനോളജ് പകരാൻ കഴിയുന്നവിധത്തിൽ റിഫ്രഷിംഗ് കോഴ്സുകളും ഇൻഡസ്ട്രിയൽ എഡ്യൂക്കേഷൻ ലിങ്കേജും സെമിസ്കിൽഡ് ലേബറേഴ്സിന്റെ പ്രായോഗിക കഴിവ് വർദ്ധിപ്പിക്കുന്നതിനായി സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും ആരംഭിക്കണം.

വിദ്യാർത്ഥികളെ ക്രൂരമായി ശിക്ഷിക്കുന്ന അദ്ധ്യാപകരെ കാറ്റഗറി ചെയ്ഞ്ച് ചെയ്ത് മാറ്റി നിറുത്തണം. ദേശീയ ഗെയിംസിലും സ്കൂൾ ഗെയിംസിലും പങ്കെടുക്കുന്ന കുട്ടികൾക്ക് സാമ്പത്തികസഹായം നൽകുന്നതിന് തയ്യാറാകണം. കായികരംഗത്ത് ഇൻഫ്രാസ്ട്രക്ചർ ഡെവലപ് ചെയ്യാനും സിന്തറ്റിക് ട്രാക്ക് നിർമ്മിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണം, എസ്.സി/എസ്.റ്റി കുട്ടികൾക്ക് സൈക്കിൾവിതരണം, അദ്ധ്യയനവർഷാരംഭത്തിൽത്തന്നെ പാഠപുസ്തകവിതരണം, അദ്ധ്യാപകപാക്കേജ് ഏർപ്പെടുത്തൽ തുടങ്ങിയ നടപടികൾ അഭിനന്ദനാർഹമാണ്. നവംബർ മാസം ഒന്നാം തീയതി മലയാള സർവ്വകലാശാലയ്ക്ക് ആരംഭം കുറിക്കുന്നതും ഭാഷകൾക്കായി പ്രത്യേകം സർവ്വകലാശാല തുടങ്ങുന്നതും ഉറുദു അക്കാദമി രൂപീകരിച്ചതും 178 ഹയർ സെക്കണ്ടറി സ്കൂളുകളിലെ എല്ലാ അദ്ധ്യാപകർക്കും ശമ്പളം നൽകിയതും പ്രശംസനീയമാണ്. വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെ പ്രത്യേക തസ്തികകൾ സൃഷ്ടിച്ചതും സീറ്റുകളുടെ എണ്ണം 33,000 ആയി വർദ്ധിപ്പിച്ചതും എസ്.എസ്.എൽ.സി. പരീക്ഷാഫല പ്രഖ്യാപനം റെക്കാർഡ് വേഗതയിലാക്കിയതും സാക്ഷരതാ പ്രേരക്മാർക്ക് അലവൻസ് വർദ്ധിപ്പിച്ചതും അഭിനന്ദനീയമാണ്. ഗൾഫ് രാജ്യങ്ങളിൽ തുല്യതാപരീക്ഷാസെന്ററുകൾക്ക് തുടക്കം കുറിക്കാനും ഒന്നാം ക്ലാസ് മുതൽ ഐ.റ്റി. വിദ്യാഭ്യാസവും ഇ-ഗവേണൻസ് പദ്ധതിയും നടപ്പാക്കാനും ദിവസവേതന അദ്ധ്യാപകരുടെ വേതനം ഇരട്ടിയാക്കാനും 547 മദ്രസകളുടെ നവീകരണത്തിന് ഫണ്ട് അനുവദിക്കാനും ജനനതീയതി

തിരുത്തുന്നതിനുളള അധികാരം ഹെഡ്മാസ്റ്റർമാർക്ക് നൽകാനും സ്നേഹ സ്പർശം പദ്ധതിയിലൂടെ വിദ്യാഭ്യാസവകുപ്പിന്റെ കാലികപ്രശ്നങ്ങളിൽ പി.ടി.എ.-യ്ക്കും പൊതുജനങ്ങൾക്കും ആശയവിനിമയത്തിന് അവസരമൊരുക്കാനും 238 ബഥനി സ്കൂളുകൾ നിലനിർത്തി അദ്ധ്യാപകർക്ക് ശമ്പളം നൽകാനും തീരുമാനമെടുക്കാൻ കഴിഞ്ഞത് യു.ഡി.എഫ് സർക്കാരിന്റെ ഒരു വർഷത്തെ ഭരണനേട്ടമായി വിലയിരുത്തേണ്ടതാണ്. ന്യൂനപക്ഷസമുദായത്തിൽപ്പെട്ട കുട്ടികൾക്ക് പ്രീമെട്രിക് സ്കോളർഷിപ്പ് തുകയായി 1000 രൂപ അനുവദിച്ചതും ഹയർസെക്കണ്ടറി മേഖലയിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് മെറിറ്റ്-കം-മീൻസ് പദ്ധതി പ്രകാരം പ്രതിവർഷം 5000 രൂപ സ്കോളർഷിപ്പ് നൽകാൻ തീരുമാനിച്ചതും പെൺകുട്ടികൾക്ക് മാത്രമായി 1000 ടോയ്ലെറ്റുകൾ നിർമ്മിച്ചതും എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരെ സെൽഫ് ഡ്രോയിംഗ് ഓഫീസർമാരാക്കി മാറ്റിയതും സ്വാഗതാർഹമാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയ സ്ഥാപനങ്ങളും കോഴ്സുകളും ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് പിന്നോക്കം നിൽക്കുന്ന മലബാർ മേഖലയ്ക്ക് പരിഗണന നൽകാനും കൊടുവളളി നിയോജകമണ്ഡലത്തിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കാനും നടപടി സ്വീകരിക്കണം. എസ്.സി/എസ്.ടി. വിഭാഗങ്ങൾക്കായി മാറ്റിവയ്ക്കപ്പെട്ട അറബി, ഉറുദു ഭാഷാ അദ്ധ്യാപകരുടെ തസ്തികകൾ നികത്തണം. റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ടും കെ.ഇ.ആർ-ഉം തമ്മിലുളള വൈരുദ്ധ്യങ്ങൾ പരിഹരിക്കണം. വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലകളിലെ കോഴ്സുകൾ പരിഷ്ക്കരിക്കണം. ഭാഷാ അദ്ധ്യാപകർക്കും ഹെഡ്മാസ്റ്റർമാരായി പ്രൊമോഷൻ നൽകുന്നതിന് നടപടിയുണ്ടാകണം.

കലാ–സാംസ്ക്കാരിക–കായികരംഗങ്ങളിൽ ഗ്രാമീണമേഖലകൾക്കും പിന്നോക്ക പ്രദേശങ്ങൾക്കും കൂടുതൽ പരിഗണന നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കലുഷിതവും സ്വാർത്ഥപൂരിതവുമായ ഒരു വിദ്യാഭ്യാസാന്തരീക്ഷമാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്. എസ്.എസ്.എൽ.സി. നല്ല രീതിയിൽ പാസ്സായവരെ കുട്ടികളെ മറികടന്ന് സി.ബി.എസ്.ഇ. പാസ്സായ കുട്ടികൾക്ക് പ്ലസ് വൺ അഡ്മിഷൻ നൽകാൻവേണ്ടി അഡ്മിഷൻ സമയം ദീർഘിപ്പിച്ച നടപടി അപലപനീയമാണ്. ഈ സർക്കാർ നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജിൽ നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കണം. സ്വാർത്ഥ താൽപ്പര്യങ്ങളോടുകൂടി ലാഭംമാത്രം കൊയ്യാൻ ശ്രമിക്കുംവിധം വിദ്യയുടെ നന്മയെ മനസ്സിലാക്കാൻ കഴിയാത്ത ഒരു വിളഭൂമിയായി വിദ്യാഭ്യാസമേഖല മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. വിദ്യാഭ്യാസത്തെ ജനകീയവൽക്കരിച്ച് വിദ്യാഭ്യാസ മേഖലയിലെ നന്മകൾ തിരിച്ചു കൊണ്ടുവരാൻ കഴിയണം.

ശ്രീ. പി.സി. വിഷ്ണുനാഥ് : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. വിദ്യാഭ്യാസ, സാംസ്കാരിക, കായിക, യുവജനക്ഷേമ രംഗങ്ങളിൽ നിർണ്ണായക നേട്ടങ്ങൾ കൈവരിക്കാനും കലാകാര പെൻഷൻ പോലുള്ള നൂതന ആശയങ്ങൾ നടപ്പിലാക്കാനും സാംസ്കാരിക രംഗത്ത് കൂട്ടായ്മ സൃഷ്ടിക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ കഥകളി ആചാര്യൻ ഗുരു ചെങ്ങന്നൂരിന്റെ പേരിൽ ഒരു സാംസ്കാരിക കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കണം. സ്കൂളുകളിൽ പോർട്ടബിൾ സ്വിമ്മിംഗ് പൂൾ സംവിധാനം ഏർപ്പെടുത്തണം. സ്ഥല

ലഭ്യതയ്ക്കനുസരിച്ച് നിയോജകമണ്ഡലങ്ങൾതോറും സിന്തറ്റിക് ഫുട്ബോൾ ഗ്രൗണ്ടുകൾ ആരംഭിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. യുവജന ക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമാണ്. തല സ്ഥാനത്ത് സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. ഹെഡ്മാസ്റ്റർ തസ്തിക സെൽഫ് ഡ്രോയിംഗ് തസ്തികയാക്കി മാറ്റിയതും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചതും ശ്ലാഘനീയമാണ്. വി. എച്ച്.എസ്.ഇ.-യിൽ പ്രിൻസിപ്പാൾ തസ്തിക സൃഷ്ടിച്ച് പുറപ്പെടുവിച്ച ഉത്ത രവിലെ അപാകതകൾ പരിഹരിക്കണം. ‘സീമാറ്റ്’-ന്റെ നേതൃത്വത്തിലുള്ള സമഗ്ര വിദ്യാഭ്യാസ പദ്ധതി കേരളത്തിലെ പൊതുവിദ്യാലയങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി വിദ്യാർത്ഥികൾക്ക് യഥാസമയം പാഠപുസ്തകങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞു. പുസ്തകം തൂക്കി വിൽപ്പന നടത്തിയെന്ന ആരോപണം അന്വേഷണവിധേയ മാക്കണം. പാഠപുസ്തകങ്ങളുടെ നിലവാരം മെച്ചപ്പെടുത്തണം. സർവ്വക ലാശാലകളുടെ പ്രതിസന്ധികൾ പരിഹരിക്കാനും സർവ്വകലാശാലകളെ ക്ലാസ്സിഫൈ ചെയ്യാനും നടപടി സ്വീകരിക്കണം. ‘വാക്ക് വിത്ത് സ്കോളർ’ പോലുള്ള പദ്ധതികൾ നടപ്പിലാക്കണം. കാമ്പസ്സുകളിൽ ഇൻഡസ്ട്രിയുമായി ബന്ധപ്പെടുത്തുന്ന പരിപാടികളും പദ്ധതികളും ആവിഷ്ക്കരിക്കണം. ഉന്നത വിദ്യാഭ്യാസ വകുപ്പ് വ്യവസായ വകുപ്പുമായി ചേർന്ന് കേരളത്തിൽ അടിയന്തരമായി ഐ.സി.ടി. അക്കാദമി ആരംഭിക്കണം.

<u>ശ്രീ. എം.എ. ബേബി</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. 1957-ലെ ഇ.എം.എസ്. സർക്കാരിന്റെ കാലത്ത് എയ്ഡഡ് മേഖലയിലെ അദ്ധ്യാപക

നിയമനം പി.എസ്.സി.-ക്ക് വിടണമെന്ന നിർദ്ദേശം ഉണ്ടായിരുന്നത് പിന്നീടു വന്ന സർക്കാരാണ് മാറ്റിയത്. ഡിഫറന്റ്ലി ഏബിൾഡ് ആയ കുട്ടികൾക്കുള്ള പുസ്തക വിതരണം നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കണം. കോഴിക്കോട് സർവ്വകലാശാലയിൽ ഫോട്ടോസ്റ്റാറ്റ് ചോദ്യക്കടലാസ്സ് നൽകി പരീക്ഷ നടത്താൻ ശ്രമിച്ച നടപടിയും സ്കൂൾ അദ്ധ്യാപകനെ വൈസ്ചാൻസലറായി നിയമിക്കാൻ നടത്തിയ നീക്കങ്ങളും സർവ്വകലാശാലയുടെ ഭൂമി അനർഹർക്ക് പതിച്ചുകൊടുക്കാൻ നടത്തിയ നീക്കങ്ങളും അധികാര ദുർവിനിയോഗത്തിന്റെ ഉത്തമോദാഹരണങ്ങളാണ്. കേരള എഞ്ചിനീയറിംഗ് പ്രവേശനത്തിനുവേണ്ടി ഡോ. ആർ.വി.ജി. മേനോൻ കമ്മിറ്റി നൽകിയ ശുപാർശയിൽ ഭേദഗതി വരുത്തിയ ആശയം കേന്ദ്ര സർക്കാർ ഐ.ഐ.ടി രംഗത്തും എഞ്ചിനീയറിംഗ് രംഗത്തും പൊതുപ്രവേശന പരീക്ഷയ്ക്കുള്ള മാതൃകയായി സ്വീകരിച്ചതിനെ അഭിനന്ദിക്കേണ്ടതായിരുന്നു. കഴിഞ്ഞ ഗവൺമെന്റ് നടപ്പിലാക്കിയ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം ഉപേക്ഷിക്കരുത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിയ ഓൺലൈൻ സ്ഥലംമാറ്റ സമ്പ്രദായം ഈ ഗവൺമെന്റ് അട്ടിമറിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് സ്വാശ്രയ മേഖലയിലെ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റുകളുമായുണ്ടാക്കിയ കരാറിലെ അപാകത കാരണം വിവിധ സംവരണ വിഭാഗങ്ങളിൽപ്പെട്ടവർക്ക് മെഡിസിനും എഞ്ചിനീയറിംഗിനും പ്രവേശനം നഷ്ടപ്പെട്ടിട്ടുണ്ട്. എഞ്ചിനീയറിംഗ്/മെഡിക്കൽ മേഖലകൾ സ്വാശ്രയമാനേജ്മെന്റുകൾക്ക് കയ്യടക്കാൻ കഴിയുന്ന വിധത്തിലാണ് ഈ ഗവൺമെന്റ് കരാറുണ്ടാക്കിയിരിക്കുന്നത്. സി.ബി.എസ്.ഇ. വിദ്യാർത്ഥികൾക്ക് പ്ലസ്ടു പ്രവേശനം നൽകുന്ന കാര്യത്തിലെടുത്ത തീരുമാനം പുന:പരിശോധിക്കണം. സാംസ്കാരിക

ക്ഷേമനിധി നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. സംഗീതം, കല എന്നീ മേഖലകളിൽ നൽകുന്ന പുരസ്ക്കാരങ്ങൾ മലയാളികൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നത് ശരിയല്ല.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി): യുവജനക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ഈ ഗവൺമെന്റ് 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷംകൊണ്ട് യുവജനക്ഷേമ വകുപ്പിൽ ധാരാളം പദ്ധതികളും പരിപാടികളും നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. വരുംവർഷങ്ങളിലും വൈവിദ്ധ്യമാർന്നതും യുവജനങ്ങൾക്ക് പ്രയോജനപ്രദവുമായ പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട യുവജനങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലനവും പി.എസ്.സി. പരീക്ഷാ പരിശീലനവും ജോബ് ഫെസ്റ്റുകളും സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ യൂത്ത് വെൽഫെയർ ബോർഡും എക്സൈസ് വകുപ്പും സംയുക്തമായി ബോധവൽക്കരണ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. യുവജനക്ഷേമ വകുപ്പിന് സ്വന്തമായി എല്ലാ ജില്ലകളിലും ആസ്ഥാനമന്ദിരം പണിയുന്നതിന്റെ ആദ്യഘട്ടമായി അഞ്ച് ജില്ലകളിൽ അവയുടെ പണി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കോഴിക്കോടുള്ള വി.കെ. കൃഷ്ണമേനോൻ സ്മാരക മ്യൂസിയം വിപുലമായ ഒരു ഗ്യാലറി-കം-മ്യൂസിയമായി മാറ്റുന്നതിന് ഉദ്ദേശിക്കുന്നു. തിരുവനന്തപുരത്ത് നിലവിലുള്ള ശ്രീചിത്ര ആർട്ട് ഗ്യാലറിക്ക് പുതിയ കെട്ടിടവും ലോകനിലവാരത്തിലുള്ള പ്രദർശനം നടത്തുന്നതിനുള്ള സൗകര്യവും ഒരുക്കുന്നതാണ്. തിരുവനന്തപുരത്തെ മ്യൂസിയത്തിന്റെയും ഗാർഡന്റെയും തനിമ നിലനിർത്തിക്കൊണ്ടുതന്നെ സന്ദർശകർക്കായി

കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കുട്ടികൾക്കുള്ള ആക്ടിവിറ്റി സെന്ററുകൾ കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. വയനാട്ടിൽ ഒരു വംശീയ സാംസ്ക്കാരിക ചരിത്ര മ്യൂസിയത്തിന്റേയും ഭാരതപ്പുഴയോരത്ത് വെള്ളിയാങ്കല്ലിൽ 'നിള' എന്ന പൈതൃക ഗ്ലാസ് മ്യൂസിയത്തിന്റെയും പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് ഉദ്ദേശിക്കുന്നു. എൽ.പി. സ്ക്കൂൾ കുട്ടികൾക്ക് 250 രൂപയായും യു.പി. സ്ക്കൂൾ വിദ്യാർത്ഥികൾക്ക് 500 രൂപയായും ഹയർ സെക്കൻഡറി സ്ക്കൂൾ കുട്ടികൾക്ക് 750 രൂപയായും പ്ലസ്ടു വിദ്യാർത്ഥികൾക്ക് 900 രൂപയായും ഡിഗ്രി വിദ്യാർത്ഥികൾക്ക് 950 രൂപയായും പി.ജി. വിദ്യാർത്ഥികൾക്ക് 1250 രൂപയായും എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് 2500 രൂപയായും ലംപ്സംഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): കായിക താരങ്ങളെ സ്പോർട്ട്സ് വകുപ്പിന്റെ ഭരണച്ചുമതല എൽപ്പിച്ചുകൊണ്ട് ഒരു വലിയ മാറ്റത്തിന് തുടക്കം കുറിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കായിക രംഗത്തുള്ളവരെ സഹായിക്കുന്ന ഒരു സ്പോർട്സ് നയമാണ് ഗവൺമെന്റിനുള്ളത്. 2008 മുതൽ ഇന്നുവരെ നാഷണൽ ഗെയിംസിലുൾപ്പെടെ പങ്കെടുത്ത കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് ഇനത്തിൽ കൊടുക്കാനുള്ള 5 കോടി രൂപയിൽ രണ്ട് കോടി അറുപത്തിയൊന്ന് ലക്ഷം രൂപ ഈ മാസം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 2013 അവസാനം നാഷണൽ ഗെയിംസ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

ഇൻഡ്യയിൽ ആദ്യമായി ആന്യൂവിറ്റി ബേസിസിൽ ഒരു സ്പോർട്ട്സ് സമുച്ചയം കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിൽ സ്ഥാപിക്കാൻ പോകുകയാണ്. കോട്ടയത്ത് എം.ടി. സെമിനാരി സ്കൂളിൽ സ്പോർട്ട്സ് ഡയറക്ടറേറ്റിന്റെ വകയായി പോർട്ടബിൾ സ്വിമ്മിംഗ് പൂൾ സ്ഥാപിച്ച് 600-ഓളം കുട്ടികൾക്ക് സ്വിമ്മിംഗിൽ പരിശീലനം നൽകിക്കഴിഞ്ഞു. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് 1 കോടി 20 ലക്ഷം രൂപ ചെലവിൽ അഞ്ച് സ്വിമ്മിംഗ് പൂൾകൂടി വാങ്ങി കേരളത്തിലെ വിവിധ ഭാഗങ്ങളിലെ സ്കൂളുകളിൽ ക്ലസ്റ്റർ രൂപീകരിച്ച് കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതാണ്. സ്പോർട്സ് നിയമം ഭേദഗതി ചെയ്യുന്നതിനും സ്പോർട്ട്സ് ഡെവലപ്മെന്റ് ഫണ്ട് സ്വരൂപിച്ച് അന്തർദേശീയ നിലവാരത്തിൽ സ്പോർട്ട്സ് സമുച്ചയമുണ്ടാക്കാനും എല്ലാവരുടേയും പിന്തുണയുണ്ടാകണം. അർഹതയില്ലാത്തവരെ സ്പോർട്ട്സ് ക്വാട്ടയിൽ സർക്കാർ ജോലിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന രീതി അവസാനിപ്പിക്കാനും സ്പോർട്ട്സ് സംഘടനകൾക്ക് പെർഫോർമൻസ് ആഡിറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം ഗ്രാന്റ് കൊടുക്കാനും നടപടി സ്വീകരിക്കുന്നതാണ്. മെഡിക്കൽ-എഞ്ചിനീയറിംഗ് എൻട്രൻസ് മോഡലിൽ സ്പോർട്ട്സ് ക്വാട്ടാ അഡ്മിഷൻ കമ്പ്യൂട്ടറൈസ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സാധാരണക്കാരായ കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കുമുളള ക്ഷേമനിധി കൃത്യമായി നടപ്പിലാക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കി ത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സാംസ്ക്കാരിക സ്ഥാപനങ്ങൾ തമ്മിൽ നല്ല കോ-ഓർഡിനേഷൻ ഉണ്ടാക്കുന്നതിനായി സാംസ്ക്കാരിക

സർവ്വകലാശാലയെന്ന ആശയം ഗവൺമെന്റിന്റെ സജീവപരിഗണന യിലുണ്ട്. കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളെ സജീവമാക്കാനും സ്വതന്ത്രമായ ഒരു ശൈലി രൂപപ്പെടുത്താനും കേരളത്തിലെ രംഗകലകളുടെ നോഡൽ ഏജൻസിയായി കലാമണ്ഡലത്തെ അംഗീകരിച്ച് അവിടത്തെ അദ്ധ്യാപകർക്ക് യു.ജി.സി. ശമ്പളനിരക്ക് അനുവദിക്കാനും ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കോഴിക്കോട് ശിൽപ്പനഗരവും കോട്ടയത്ത് സാംസ്കാരിക യൂണിവേഴ്സിറ്റിയും ആരംഭിക്കാനും നാടക കലാകാരന്മാർക്ക് ഇൻഷു റൻസും മെഡിക്ലെയിമും ഏർപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. കലാകാരന്മാർക്ക് ചികിത്സാപരിരക്ഷ നൽകാനും ഇൻഡ്യയിൽ ആദ്യമായി നാടകത്തിന് സബ്സിഡി ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന പ്രൊഫഷണൽ നാടകങ്ങൾക്കും അമച്വർ നാടക ങ്ങൾക്കും ഒരു ലക്ഷം രൂപ സബ്സിഡി പ്രഖ്യാപിക്കുന്നതാണ്. വട്ടിയൂർക്കാവിൽ സ്വാതന്ത്ര്യസമര മ്യൂസിയം ആരംഭിക്കാനും തിരുവനന്ത പുരത്ത് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന് ചുറ്റുമുള്ള കോട്ടമതിൽ സംരക്ഷി ക്കാനും നടപടി സ്വീകരിക്കുന്നതാണ്. പതിനാല് ജില്ലകളിലും ഹെറിറ്റേജ് മ്യൂസിയത്തിനുവേണ്ടി ഒരു കോടി രൂപ നീക്കിവയ്ക്കാനും ചെങ്ങന്നൂരിൽ കഥകളി ആചാര്യനായ ഗുരു ചെങ്ങന്നൂരിന്റെ പേരിൽ ഒരു സ്മാരകം നിർമ്മിക്കാനും കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളിയിൽ നാടൻ കലാഗ്രാമം സ്ഥാപിക്കാനും തീരുമാനമെടുത്തിട്ടുണ്ട്. പാലക്കാട് നാടൻ കലാഗ്രാമം ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് വട്ടി യൂർക്കാവിൽ ഗുരുഗോപിനാഥ് നടന ഗ്രാമത്തിൽ നാട്യമ്യൂസിയത്തിന്റേയും എറണാകുളത്ത് ജി. ശങ്കരക്കുറുപ്പ് സ്മാരകത്തിന്റെയും പണി ആരംഭി ക്കുന്നതാണ്. മാപ്പിളകലാ അക്കാഡമി സ്ഥാപിക്കുന്നതിനും വയനാട്

ജില്ലയിലെ ഇടയ്ക്കൽ ഗുഹ ലോകപൈതൃകമായി പ്രഖ്യാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ സാംസ്കാരിക മേഖല രാഷ്ട്രീയവിമുക്തമാക്കാനും സാംസ്കാരികമേഖലയ്ക്ക് സ്വതന്ത്രമായ ശൈലിയുണ്ടാക്കാനും ശ്രമിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. (മറുപടി പ്രസംഗത്തിന്റെ ബാക്കി ഭാഗം മേശപ്പുറത്തുവച്ചു.)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് വളരാനും നിരവധി പദ്ധതികൾ നടപ്പിലാക്കാനും വിദ്യാഭ്യാസ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഓൺലൈൻ ട്രാൻസ്ഫർ അട്ടിമറിച്ചു എന്ന ആരോപണം വാസ്തവ വിരുദ്ധമാണ്. വിദ്യാഭ്യാസ പാക്കേജ് നടപ്പിലാക്കാനും വിദ്യാലയങ്ങളിൽ മലയാള ഭാഷാപഠനം നിർബന്ധമാക്കാനും പ്ലസ്ടു പഠനത്തിനുവേണ്ടി 550 ബാച്ചുകൾ അനുവദിക്കാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മുൻ സർക്കാർ അനുവദിച്ചഹൈസ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ച് അവർക്ക് ശമ്പളം കൊടുക്കാനും സംസ്ഥാനത്തെ സ്കൂൾ അദ്ധ്യാപകർക്ക് 50 ദിവസത്തെ ടീച്ചർ ട്രാൻസ്ഫർമേഷൻ ട്രെയിനിംഗ് കൊടുക്കാനും കഴിഞ്ഞു. എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷാഫലങ്ങൾ വേഗത്തിൽ പ്രസിദ്ധീകരിക്കാനും പാഠപുസ്ത വിതരണം തക്കസമയത്ത് പൂർത്തിയാക്കാനും സാധിച്ചിട്ടുണ്ട്. സെക്കന്ററി സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്താനുള്ള നടപടികൾ ലഘൂകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 35 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാനും 280 പുതിയ വി.എച്ച്.എസ്.ഇ. ബാച്ചുകൾ ആരംഭിക്കാനും പ്രൈമറി മുതൽ ഹയർസെക്കന്ററി തലംവരെയുള്ള ദിവസവേതനക്കാരായ അദ്ധ്യാപകരുടെ വേതനം ഇരട്ടിയാക്കാനും

വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക അനുവദിക്കാനും കഴിഞ്ഞിട്ടുണ്ട്. എ.ഐ.പി. പ്രകാരം പ്രവർത്തിക്കുന്ന 35 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകാൻ തീരുമാനിച്ചു. മണ്ണാർക്കാട്, വേങ്ങര എന്നിവിടങ്ങളിൽ പുതിയ ആർട്സ് ആന്റ് സയൻസ് കോളേജുകൾ സ്ഥാപിക്കാനും ഏഴ് സർക്കാർ എൻജിനീയറിംഗ് കോളേജുകളിൽ 9 പുതിയ എം.ടെക്ക് കോഴ്സുകൾ ആരംഭിക്കാനും നടപടി സ്വീകരിച്ചു. സ്വാശ്രയ മേഖലയിലെ നിരവധി പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണാനും പുതുതായി 25 എൻജിനീയറിംഗ് കോളേജുകൾക്കും രണ്ട് പോളിടെക്നിക്ക് കോളേജുകൾക്കും നാല് ലാ കോളേജുകൾക്കും അനുമതി നൽകാനും ഗസ്റ്റ് ലക്ച്ചറർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയും അക്കാഡമിക് സിറ്റിയും യാഥാർത്ഥ്യമാക്കാനും എ.ഐ.സി.റ്റി.ഇ.-യുടെ മേഖലാ ഓഫീസ് തിരുവനന്തപുരത്ത് തുടങ്ങാനും തീരുമാനിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രതിപക്ഷ ഉപനേതാവ് ഹാജരാക്കിയ രേഖ ക്യാബിനറ്റ് തീരുമാനമല്ല, ഓൺലൈൻ റിപ്പോർട്ടാണ്. ക്യാബിനറ്റ് തീരുമാനം സംബന്ധിച്ച് ഇതുവരെ ജി.ഒ. ഇറങ്ങിയിട്ടില്ല. അതുസംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിൽ പരിഗണനയിലാണ്. എ.ഐ.പി.-യിൽ വന്നിട്ടുള്ള സ്കൂളുകൾ കേന്ദ്ര സർക്കാർ നിറുത്തലാക്കുമ്പോൾ ജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് കേരളത്തിൽ അത് തുടരാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഇന്ന് തുടരുന്ന എല്ലാ സമ്പ്രദായങ്ങളും സാമ്പത്തിക

വശങ്ങളും പരിശോധിച്ച് ഇക്കാര്യത്തിൽ ഗവൺമെന്റ് യുക്തമായ തീരുമാനമെടുക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 13-06-2012-ൽ കൂടിയ മന്ത്രിസഭാ യോഗത്തിന്റെ തീരുമാനത്തിന് ഇതുവരെ ഉത്തരവ് ഇറങ്ങിയിട്ടില്ല എന്നുപറയുന്നത് അവിശ്വസനീയമാണ്. 35 സ്കൂളുകൾ എയ്ഡഡ് മേഖലയിലാക്കാനാണോ സർക്കാർ മേഖലയിലാക്കാനാണോ മന്ത്രിസഭാ തീരുമാനിച്ചത് എന്നത് വ്യക്തമാക്കണം. പ്രസ്തുത സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കാൻ മന്ത്രിസഭ തീരുമാനിച്ചുവെന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്. 35 സ്കൂളുകൾ എയ്ഡഡ് മേഖലയിലാക്കാൻ മന്ത്രിസഭ തീരുമാനിച്ചുവെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയും തീരുമാനിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രിയും പറയുന്നു. വ്യത്യസ്ത അഭിപ്രായങ്ങളോടെ ധനാഭ്യർത്ഥന പാസ്സാക്കാൻ സാധിക്കുകയില്ല. വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന പിൻവലിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): എഡ്യൂക്കേഷൻ പോർട്ട്ഫോളിയോയുടെ പ്രൊപ്പോസലാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്. 35 സ്കൂളുകളുടെ കാര്യത്തിൽ ക്യാബിനറ്റ് തീരുമാനമെടുക്കുകയും സർക്കാർ ഉത്തരവിറക്കുകയും ചെയ്യും. ഇതുസംബന്ധിച്ച ജി.ഒ. ഇറങ്ങിയിട്ടുണ്ടെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 35 സ്കൂളുകൾ ഇതുവരെ സർക്കാർ മേഖലയിലല്ല നടത്തിയിരുന്നത്. യത്തീംഖാനകളും പലവിധ ഏജൻസികളുമാണ് നടത്തിയിരുന്നത്. വിദ്യാഭ്യാസപരമായി പിന്നോക്കം

നിൽക്കുന്ന പ്രദേശങ്ങളിലെ ഈ സ്കൂളുകൾ തുടരണമെന്ന ജനങ്ങളുടെ ആവശ്യം സർക്കാർ അംഗീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിച്ചുകൊണ്ട് ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദുറബ്ബ്): പെരിന്തൽമണ്ണയിലെ അലിഗർ സർവ്വകലാശാല ക്യാമ്പസ് രാഷ്ട്രത്തിന് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ നിയമസഭാ മണ്ഡലത്തിലും ഒരു സർക്കാർ സ്കൂൾ തെരഞ്ഞെടുത്ത് നവീന രീതിയിലുള്ള ലബോറട്ടറിയും ലൈബ്രറിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ 15 കോടി രൂപ യുടെ വികസന പരിപാടി നടപ്പിലാക്കും. 19 നിയമസഭാ മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന 'സമഗ്ര വിദ്യാഭ്യാസ ഗുണമേന്മാ പദ്ധതി' മറ്റ് നിയമസഭാ മണ്ഡലങ്ങളിലേയ്ക്കും വ്യാപിപ്പിക്കും. സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങ ളിൽനിന്നും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായും തടയുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഉച്ചഭക്ഷണ പരിപാടി കൂടു തൽ കാര്യക്ഷമമാക്കുന്നതിനായി കുട്ടികളുടെ എണ്ണം കണക്കാക്കി നിശ്ചിത തുക സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ പേരിൽ നൽകുന്ന രീതി ജൂലൈ 1 മുതൽ നിലവിൽ വരും. സംസ്ഥാനത്തെ 124 ബഥനി സ്കൂളുകളെ എൽ.പി. സ്കൂളുകളാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്ന അദ്ധ്യാപകർക്ക് ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് നിർബന്ധമാക്കും. ഈ വർഷം പി.ടി.എ. ശാക്തീകരണ വർഷമായി ആചരിക്കും. മികച്ച പ്രവർത്തനം നടത്തുന്ന പി.ടി.എ.-കൾക്ക് നൽകിവ

രുന്ന അവാർഡ് തുക ഈ വർഷം മുതൽ വർദ്ധിപ്പിക്കും. 'ഹരിത വിദ്യാലയം' എന്ന പരമ്പരയുടെ രണ്ടാം എഡിഷൻ ഉടൻ സംപ്രേക്ഷണം ചെയ്യും. വിവിധ ഘട്ടങ്ങളിലായി വിജയികളാകുന്ന സ്കൂളുകൾക്ക് 50 ലക്ഷം രൂപ പ്രോത്സാഹന സഹായം നൽകും. ഹയർ സെക്കൻഡറി, വി.എച്ച്.എസ്.ഇ. സ്കൂളുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 51 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കും. പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും അദ്ധ്യാപക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കും. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളെ ശക്തിപ്പെടുത്താനുള്ള വിവിധ പരിപാടികൾക്ക് ഈ വർഷം തുടക്കം കുറിക്കും. ഇതിന് മുന്നോടിയായി പ്രിൻസിപ്പൽ തസ്തിക അനുവദിക്കുകയും കാലാനുസൃതമായി പുതിയ കോഴ്സുകൾ തുടങ്ങാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ ഓഫീസുകളുടെ ശാസ്ത്രീയ വിഭജനത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സമിതിയെ നിയോഗിക്കും. അദ്ധ്യാപക-വിദ്യാർത്ഥിബാഹുല്യം പരിഗണിച്ച് പുതിയ മൂന്ന് വിദ്യാഭ്യാസ ജില്ലകൾ രൂപീകരിക്കും. ഹയർ സെക്കന്ററി മേഖലയ്ക്കായി ജില്ലാതല ഓഫീസ് സംവിധാനം നടപ്പിലാക്കും. നിലവിലുള്ള മേഖലാ ഓഫീസുകൾക്ക് പുറമേ കണ്ണൂർ, മലപ്പുറം, ആലപ്പുഴ എന്നിവിടങ്ങളിൽ ഹയർ സെക്കന്ററി ഓഫീസുകൾ ആരംഭിക്കും. സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം ഇരട്ടിയാക്കി വർദ്ധിപ്പിക്കും. സ്കൂളുകളിൽ ടെക്സ്റ്റ് ബുക്കിനുപകരം ഇ-ടെക്സ്റ്റ് ബുക്കുകളും ഇ-കണ്ടന്റും നടപ്പിലാക്കുന്ന പദ്ധതിക്ക് തുടക്കംകുറിക്കും. പരീക്ഷകൾക്ക് ഓൺലൈൻ ചോദ്യപേപ്പർ സംവിധാനം നിലവിൽ വരും. എല്ലാ ഹൈസ്കൂളുകൾക്കും വെബ്സൈറ്റ് തയ്യാറാക്കും. വിദ്യാർത്ഥികളുടെ ഇ-

ലേണിംഗ് പദ്ധതി സെപ്തംബറിൽ പൂർത്തിയാകും. കുട്ടികൾക്കെതിരെ ലൈംഗിക അതിക്രമം കാണിക്കുന്ന അദ്ധ്യാപകരെ അദ്ധ്യാപകവൃത്തി യിൽനിന്നും സ്ഥിരമായി മാറ്റിനിറുത്തി ക്രിമിനൽ കുറ്റമാക്കി തുടർനടപടി സ്വീകരിക്കുന്നതിനായി നിയമനിർമ്മാണം നടത്തും. ഹൈദ്രാബാദിലെ ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് സംസ്ഥാനത്ത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കും. കേരള സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കും. ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നി ക്കൽ എഡ്യൂക്കേഷന്റെ റീജണൽ സെന്റർ തിരുവനന്തപുരത്ത് ആരംഭിക്കും. ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിലെ വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കാനായി അക്കാഡമിക് സിറ്റി സ്ഥാപിക്കും. ഗവണ്മെന്റ് കോളേജുക ളിൽ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കും. സർവ്വകലാശാലക ളുടെ ശാക്തീകരണത്തിന് സ്റ്റേറ്റ് അവാർഡ് ഫണ്ട് ഫോർ യൂണിവേ ഴ്സിറ്റീസ് പദ്ധതി നടപ്പാക്കും. 23 പോളിടെക്നിക് കോളേജുകളിൽ സായാഹ്ന കോഴ്സുകൾ ആരംഭിക്കും. ഉന്നത വിദ്യാഭ്യാസ നയം രൂപീകരി ക്കും. കഴിഞ്ഞ അഞ്ച് വർഷമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവന്നിരുന്ന സി.ബി.എസ്.ഇ. സ്കൂളുകൾക്കാണ് എൻ.ഒ.സി. നൽകിയത്. യോഗ്യതയു ള്ളവരെയാണ് എസ്.സി.ഇ.ആർ.ടി. ഡയറക്ടറായും എസ്എസ്.എ. ഡയറ ക്ടറായും ഐ.ടി. കോർഡിനേറ്ററായും നിയമിച്ചിട്ടുള്ളത്. എഞ്ചിനീയറിംഗ് കോളേജുകളിൽ ഫീസിനത്തിൽ നോമിനൽ വർദ്ധനയാണ് വരുത്തി യിട്ടുള്ളത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻചാണ്ടി):</u> പിന്നോക്ക പ്രദേശങ്ങളിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രത്തിൽ നരസിംഹറാവു സർക്കാരിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഏരിയ

ഇന്റൻസീവ് ഡെവലപ്മെന്റ് പ്രോഗ്രാം ഇപ്പോൾ നിറുത്തലാക്കിയെങ്കിലും അതുമായി ബന്ധപ്പെട്ട് സ്ഥാപിച്ച സ്കൂളുകൾ തുടരണമെന്ന ഡിമാന്റ് വന്നതിന്റെ അടിസ്ഥാനത്തിൽ അവ നിറുത്തലാക്കേണ്ടതില്ല എന്ന് തീരുമാനം എടുത്തിരുന്നു. ആ സ്ഥിതി തുടരണമെന്ന തീരുമാനമാണ് ഈ ഗവണ്മെന്റും എടുത്തിട്ടുള്ളത്.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുയും ചെയ്തു.

<u>പ്രമേയം</u>

<u>29-06-2012-ലെ സമ്മേളനം ഒഴിവാക്കുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻചാണ്ടി):</u> 2012 ജൂൺ 29-ാം തീയതി വെള്ളിയാഴ്ച അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി സഭ ചേരുവാൻ തീരുമാനിച്ചെങ്കിലും പ്രസ്തുത ദിവസം ഒഴിവാക്കണമെന്ന ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭ്യർത്ഥനപ്രകാരം സഭ ചേരേണ്ടതില്ലെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 3.45-ന് പിരിഞ്ഞു.

* * * * * * * * * * *